നം.കെ.എസ്.എ-കെ.ടി.എം.പി12/1889/2019 തീയതി : 15.01.2020

# കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **അയർക്കുന്നം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.04.2018 മുതലുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 05.12.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.2019 മുതൽ 05.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മോനിമോൾ കെ. ജയ്മോൻ | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീമതി മോളി തോമസ് | 22.11.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എസ്.നെൽസൺ | 01.04.2018 മുതൽ 24.08.2018 വരെ |
| | ശ്രീ.തങ്കച്ചൻ സി.എം.(സെക്രട്ടറി ഇൻ ചാർജ്ജ്) | 25.08.2018 മുതൽ 02.09.2018 വരെ |
| | ശ്രീ.കെ.ജി.ഹരികൃഷ്ണൻ | 03.09.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി അനീന സൂസൻ സഖറിയ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മുഹമ്മദ് സുനിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അന്ന ജോസഫ് കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.വി.ജി.ജയരാജ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.രേഖ ആർ. | 01.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ | ശ്രീ.നിസാമുദ്ദീൻ | 01.04.2018 മുതൽ 20.11.2018 വരെ |
| | ശ്രീ.രഞ്ചിത്ത് പി.എം. | 22.11.2018 മുതൽ 30.12.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സുമ സി.എസ്. | 01.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.നടരാജസുന്ദരം | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി രശ്മി എസ്.നായർ | 01.07.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി എൻ. | 1.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി എസ്.എസ്.ശോഭന | 01.04.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും വിശകലനവും |
| 1-8 | വസ്തുനികുതി-സഞ്ചയയിലെ ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായില്ല |
| 1-9 | വാണിജ്യ ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് പാർപ്പിട ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി |
| 1-10 | ഹാളുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

| | |
|---|---|
| 1-11 | ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് കുറവായി ഈടാക്കി |
| 1-12 | ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം-നിരീക്ഷണമില്ല |
| 1-13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-15 | ബസ്സ്റ്റാൻഡ് ലേലം - തുക ഒടുക്കുന്നതിൽ അകാരണമായ കാലതാമസം |
| 1-16 | ഷോപ്പിംഗ് കോംപ്ലക്സ്-സപ്ലൈകോ-കെട്ടിടം വാടകയില്ലാതെ പ്രവർത്തിയ്ക്കുന്നു-സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല |
| 1-17 | കൊയ്ത്ത് മെതിയന്ത്രം വാടകയ്ക്ക് നൽകൽ-നടപടിക്രമങ്ങളിൽ അപാകത |
| 1-18 | ട്രാക്ടർ വാടക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 1-19 | മാർക്കറ്റ് സ്റ്റാൾ ലേലം-നടപടിക്രമങ്ങളിൽ സുതാര്യതയില്ല |
| 1-20 | ഗ്രാമപഞ്ചായത്ത് കരട് ബൈലോ തയ്യാറാക്കി 2 വർഷത്തിന് ശേഷവും കമ്മറ്റി അംഗീകരിച്ചില്ല |
| 1-21 | പുറമ്പോക്കിൽ നിൽക്കുന്ന മരങ്ങളുടെ ലേലംനടപടികൾ പൂർത്തീകരിച്ചില്ല |
| 1-22 | ഇ-ടെൻഡർ-ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 1-23 | ബാരൽവില പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിക്കുന്നു |
| 1-24 | പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല |
| 1-25 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| 1-26 | ലോഗ്ബുക്ക് ലഭ്യമല്ലാത്ത കാലയളവിൽ ഇന്ധനത്തിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല |
| 1-27 | ഇന്ധന ഉപയോഗം സംബന്ധിച്ച ബില്ല്/ഇൻഡന്റ് പ്രകാരമുള്ള വിവരം ലോഗ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-28 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-പ്രോജക്ടുകൾ നടപ്പാക്കിയതിൽ അപാകതകൾ |
| 1-29 | എയറോബിക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ)-നിർവ്വഹണത്തിലെ അപാകതകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 1-30 | പകൽവീടിന് ഫർണ്ണീച്ചർ-വാങ്ങിയ ഫർണ്ണീച്ചർ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു |
| 1-31 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-32 | വാട്ടർ കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിച്ചത്-നടപടിക്രമങ്ങളിലെ അപാകത-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 1-33 | ശമ്പളത്തിൽ നിന്നും ഈടാക്കിയ വായ്പ്പാ റിക്കവറി തുകകളുടെ കൈപ്പറ്റ് രസീതില്ല-തുക തടസ്സപ്പെടുത്തുന്നു |
| 1-34 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് ആർജ്ജിതാവധി അനുവദിക്കുന്നത്-സേവന രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല |
| 1-35 | 25 ലക്ഷം രൂപയിലധികം ചെലവഴിച്ച അമയന്നൂർ ക്ഷേത്രക്കുളം-നിർമ്മാണ പ്രവർത്തനങ്ങൾ വെള്ളത്തിനടിയിൽ-കുളം ഉപയോഗശൂന്യമായി |
| 1-36 | പഞ്ചായത്ത് ഓഫീസിന് അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ-ജാഗ്രതക്കുറവ് മൂലം ലോകബാങ്ക് വിഹിതം നഷ്ടമായി |
| 1-37 | മെത്രാഞ്ചേരി കുടിവെള്ളപദ്ധതി-കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേല നടപടികൾ സ്വീകരിച്ചില്ല |
| 1-38 | തിരുവഞ്ചൂർ എൽപിഎസ് പുനരുദ്ധാരണം-കരാർ വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല |
| 1-39 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി-സ്പെസിഫിക്കേഷനിൽ അപാകത |
| 1-40 | വല്യാമറ്റം-നീറിക്കാട് പാടം റോഡ് കോൺക്രീറ്റിംഗ്-മണ്ണ് ഫില്ലിംഗ്-കൺസോളിഡേഷൻ കുറവ് ചെയ്തില്ല |
| 1-41 | സർക്കാർ സ്കൂളുകൾ ഹൈടെക് ആക്കൽ-സർക്കാർ ഉത്തരവിൽ പെടാത്ത ഉപകരണങ്ങൾ വാങ്ങി |
| 1-42 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ(ഷി പാഡ്)-നിരക്ക് കണക്കാക്കി തുക നൽകിയതിൽ അവ്യക്തത |
| 1-43 | കാർഷിക യന്ത്രവത്ക്കരണത്തിലൂടെ സ്വയം തൊഴിൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 1-44 | തെങ്ങിന്റെ രോഗനിവാരണം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 1-45 | മാതൃകാ തേനീച്ചത്തോട്ട പ്രദർശനവും കൃഷിയിട പള്ളിക്കൂടവും-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |

| | |
|---|---|
| 1-46 | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല |
| 1-47 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 1-48 | ടാപ്പുഴ കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-സംബന്ധിച്ച് |
| 1-49 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 1-50 | ലൈഫ് ഭവനനിർമ്മാണം-ഭവനനിർമ്മാണം പൂർത്തീകരിക്കണം |
| 1-51 | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായുള്ള കുടിവെള്ള വിതരണം-നടപടിക്രമങ്ങളിലെ അപാകത ബോധ്യപ്പെടുത്താതെ സർക്കാരിന്റെ ചെലവനുവാദം നേടി |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | കാർഷിക യന്ത്രവത്ക്കരണത്തിലൂടെ സ്വയം തൊഴിൽ-അപാകതകൾ |
| 3-2 | വല്യാമറ്റം-നീറിക്കാട് പാടം റോഡ് കോൺക്രീറ്റിംഗ്-മണ്ണ് ഫില്ലിംഗ്-കൺസോളിഡേഷൻ കുറവ് ചെയ്തില്ല |
| 3-3 | ലോഗ് ബുക്ക് ലഭ്യമല്ലാത്ത കാലയളവിൽ ഇന്ധനത്തിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | |
|---|---|
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 8,46,91,403 | 1,43,12,609 |
| വരവ് | 6,52,85,467 | 9,59,02,629 |
| ആകെ | 14,99,76,870 | 11,02,15,238 |
| ചെലവ് | 3,71,51,671 | 8,27,47,790 |
| നീക്കിയിരിപ്പ് | 11,28,25,199 | 2,74,67,448 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

(എ) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഈടാക്കിയത്/ നീക്കിയിരിപ്പ് |
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 2,06,85,183 | 2,06,85,183 | 1,79,81,776 | 27,03,407 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 71,23,000 | 71,23,000 | 53,48,903 | 17,74,097 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 2,53,000 | 2,53,000 | 2,12,449 | 40,551 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 1,82,45,000 | 1,82,45,000 | 1,57,13,273 | 25,31,727 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 43,04,000 | 43,04,000 | 42,70,265 | 33,735 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 96,01,000 | 96,01,000 | 75,02,095 | 20,98,905 |
| ഐ.സി.ഡി.എസ്. | | 10,52,581 | 8,10,795 | 18,63,376 | 10,68,698 | 7,94,678 |
| ശുചിത്വ മിഷൻ | | 25,000 | 16,77,790 | 17,02,790 | 12,02,790 | 5,00,000 |
| സമ്പൂർണ്ണ ശുചിത്വ ക്യാംപയിൻ | | 4,47,000 | 0 | 4,47,000 | 0 | 4,47,000 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് വിഹിതം(*) | 7,84,267 | 14,85,268 | 22,69,535 | 13,05,320 | |
| | ജില്ലാ പഞ്ചായത്ത് വിഹിതം(*) | 18,10,000 | 14,09,135 | 32,19,135 | 10,37,323 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |

(*)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പും വരവും, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ടി എസ് ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ സംബന്ധിച്ച കൃത്യമായ വിവരണം സംയുക്ത പ്രോജക്ടുകളുടെ ശീർഷകങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലും ബാങ്ക് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ കൃത്യമായ വിവരം ഇനം തിരിച്ച് ലഭ്യമല്ല. പ്രസ്തുത തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരവും ലഭ്യമല്ല. ഈയിനത്തിലുള്ള തുകകൾ ചെലവഴിച്ച ശേഷം ടി തുകകൾ റവന്യൂ വരവായി മാറ്റിയില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല(ബി-4 ഷെഡ്യൂൾ).

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 75,120 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 6,02,13,000 | 18 |
| വിധവാപെൻഷൻ | 1,51,58,200 | 62 |
| വാർദ്ധക്യകാലപെൻഷൻ | 3,21,05,400 | 261 |
| വികലാംഗപെൻഷൻ | 47,91,600 | 24 |

**സി) തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 1,47,88,563 | 1,47,88,563 | 0 |
| കാഷ് | 2,73,440 | 3,68,843 | 6,42,283 | 6,00,281 | 42,002 |
| ആകെ | 2,73,440 | 3,68,843 | 1,54,30,846 | 1,54,30,846 | 0 |

### 1-3 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19ലെ ഉത്തരവ് നം.490/18 /DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 27.02.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 04.03.2018 |
| വികസനസെമിനാർ | 14.03.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 13,26,30,221/- രൂപയും ആകെ ചെലവ് 6,37,00,621/- രൂപയുമാണ്. ചെലവുശതമാനം 48% മാത്രം. അംഗീകാരം ലഭിച്ച 279 പ്രോജക്ടുകളിൽ 190 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 15 | 23,93,654 | 15,08,140 | 63% |
| വെറ്ററിനറി സർജൻ | 4 | 4 | 50,60,000 | 20,60,000 | 41% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 57,01,900 | 40,15,277 | 84.78 |
| വി.ഇ.ഒ. | 14 | 10 | 4,59,45,311 | 1,27,72,000 | 27 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 1,44,000 | 1,12,982 | 78 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 3,00,000 | 3,00,000 | 100 |
| സെക്രട്ടറി | 32 | 20 | 1,45,71,151 | 78,41,599 | 54 |
| എച്ച്.എം. | 7 | 7 | 56,08,548 | 44,43,348 | 79 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 185 | 116 | 4,81,90,657 | 2,74,95,964 | 57 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 8,15,000 | 5,19,955 | 64 |
| ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 35,00,000 | 22,31,356 | 64 |
| **ആകെ** | 279 | 190 | 13,26,30,221 | 6,37,00,621 | 48% |

കാർഷികരംഗത്ത് ഒട്ടേറെ വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ നടപ്പാക്കുവാൻ കൃഷി ഓഫീസർക്ക് സാധിച്ചിരുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 185 പ്രോജക്ടുകളിൽ 116 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 57%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 2.5 കോടി രൂപ അടങ്കലായി സമ്പൂർണ്ണഭവനനിർമ്മാണ പദ്ധതി എന്ന പേരിൽ ഒരു പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഇത്തരം ഒരു പ്രോജക്ട് തൻവർഷം നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നില്ലായെന്ന് കാണുന്നു. കൃത്യമായ ആസൂത്രണമില്ലായ്മയാണ് ഇത് വെളിവാക്കുന്നത്. കൂടാതെ ലൈഫ് ഭവനപദ്ധതിയ്ക്ക് ജില്ലാപഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളും ചെലവഴിച്ചിരുന്നില്ല. നിർവ്വഹണ സാദ്ധ്യമല്ലാത്ത പ്രോജക്ട് തയ്യാറാക്കി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയത് മൂലം വി.ഇ.ഒ. യുടെ ചെലവ് വെറും 27 ശതമാനം മാത്രമായി ചുരുങ്ങി.

**സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നുണ്ട്.** സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ഗുണഭോക്തൃവിഹിതം ചെലവഴിച്ചതും ചെലവുപത്രികയിൽ ചെലവ് രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി പ്രോജക്ട് നം.48/19, 49/19 എന്നിവപ്രകാരം കന്നുകുട്ടിപരിപാലന പദ്ധതിയ്ക്കായി സംസ്ഥാനവിഹിതവും ഗുണഭോക്തൃവിഹിതവും അടങ്കലായി വകയിരുത്തിയിരുന്നുവെങ്കിലും ചെലവ് രേഖപ്പെടുത്തിയിരുന്നില്ല. തൻമൂലം വെറ്ററിനറി സർജൻ നിർവ്വഹണംനടത്തിയ പ്രോജക്ടുകൾക്ക് 41% മാത്രമാണ് ചെലവ് ശതമാനം. തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല 91.82 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.**

2018-19 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്ത് തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 81% മാത്രമാണ്. കൂടാതെ റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം 86% മാത്രമാണ്. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം ലാപ്സായി പോയ സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 27,03,407 |
| എസ്.സി.പി. | 17,74,097 |
| ടി.എസ്.പി. | 40,551 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 33,735 |
| റോഡ്- മെയിന്റനൻസ് ഗ്രാന്റ് | 25,31,727 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20,98,905 |
| ആകെ ലാപ്സായ തുക | 91,82,422 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 91.82 ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 91.82 ലക്ഷത്തിലധികം രൂപ ഗ്രാമ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ

പാഴായി എന്നത് ഗ്രാമ പഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധപുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

<u>വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും കാര്യക്ഷമമല്ലെന്ന് കാണുന്നു. പല വർക്കിങ്ങ് ഗ്രൂപ്പുകളും 27.02.2018ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. പൊതുമരാമത്ത്/വൈദ്യുതി/ഊർജ്ജം, പ്രാദേശിക സാമ്പത്തിക വികസനം, കുടിവെള്ളം/ശുചിത്വം/മാലിന്യപരിപാലനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. വാഹനപരിപാലനം സംബന്ധിച്ച് സെക്രട്ടറിയുടെ മേൽനോട്ടത്തിന്റെ അഭാവം പ്രകടമാകുന്നു. ലോഗ് ബുക്ക് രണ്ട് മാസത്തെ എഴുതി സൂക്ഷിക്കാതെ തന്നെ പെട്രോൾ ബിൽ തുക മാറി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ അലംഭാവം വന്നിട്ടുണ്ട്. സെക്രട്ടറി ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. കൂടാതെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വെച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സർക്കാർ ഗ്രാന്റുകൾ പാഴാകുന്ന സ്ഥിതി വിശേഷവുമുണ്ട്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.12.2019 ന് ജൂനിയർ സൂപ്രണ്ട് ശ്രീമതി ശ്രീലത എസ്. ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,599/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി നമ്പർ |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2019 | 10/2019 | പിഎ1/19 തീയതി 9.10.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 മുതൽ 06.2.2014 വരെ | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ.(എച്ച്.ക്യു.)/II/8/2223 /322/05/2015 Dated 2.1.2015 |

## 1-7 വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും വിശകലനവും

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 14,83,19,762/- രൂപയും ചെലവ് 14,65,99,368/- രൂപയും തൻവർഷ പ്രവർത്തനകമ്മി 23,58,930/- രൂപയുമാണ്. 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം

8,02,87,570/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 5,57,27,274/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 2,45,60,296/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികയിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയ വർക്ക് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
4. പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.
5. പഞ്ചായത്ത് ഫണ്ട് ജനറൽ (310100101) മുന്നിരിപ്പിൽ തെറ്റായ ക്രമീകരണങ്ങൾ നടത്തി വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.
6. എ) മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നൽകുമ്പോൾ രേഖപ്പെടുത്തുന്ന B 11(a) ഷെഡ്യൂളിൽ (Capital Work in Progress) ഇൻഗ്രേറ്റഡ് റൂറൽ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയ 9,16,250/- രൂപ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. അതേ തുക തന്നെ B 18 ഷെഡ്യൂളിൽ Loans and Advances എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

   ബി) 2018-19 വർഷം അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തിക്ക് പാർട്ട് ബിൽ ആയി നൽകിയ 2,82,055/- രൂപ B 11(a) ഷെഡ്യൂളിൽ Capital Work in Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. I 14(b) ഷെഡ്യൂളിൽ ഇൻഫ്രാസ്ട്രക്ചർ സെക്ടറിൽ ഉൾപ്പെടുത്തേണ്ട Other Construction Side Walls (252310201) എന്ന ഇനം I 14 ഷെഡ്യൂളിൽ പ്രൊഡക്ടീവ് സെക്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
8. ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സമ്പൂർണ്ണ ഭവനപദ്ധതി വായ്പ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല(ബി-5, ബി-16 ഷെഡ്യൂൾ). ലൈഫ് ഭവന പദ്ധതി ലോൺ തുകയുടെ വിശദാംശം ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. B12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 1,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
10. I 6ഷെഡ്യൂളിൽ തൊഴിലുറപ്പ് പദ്ധതിക്ക് ഇ എഫ് എം എസ് വഴി ലഭിച്ച തുക രേഖപ്പെടുത്തിയിരിക്കുന്നത് തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
11. അക്രൂവൽ ആയി രേഖപ്പെടുത്തുന്ന ഇനങ്ങളുടെ (ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി - ട്രേഡേഴ്സ്, വാടക മുതലായവ) വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല.
12. B 15ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള ആകെ തുകയായ 33,11,349/- രൂപയുടെ 5% ആയ 1,57,683/- രൂപയ്ക്ക് പകരം 1,65,226/- രൂപ ലൈബ്രറി സെസ് ഇനത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.
13. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിൽ Rent Deposit (34200101), Auction Deposit (340200102) എന്നീ നിക്ഷേപ ഇനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ പ്രസ്തുത തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

14. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B 14, B 18 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.
15. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ചിട്ടുള്ള തുകകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ എന്നിവയുടെ നീക്കിയിരിപ്പായി B 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ഇവ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി ചെലവ് നിരീക്ഷിക്കുന്നില്ല.

## 1-8 വസ്തുനികുതി- സഞ്ചയയിലെ ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായില്ല

പുതിയ വസ്തുനികുതി പരിഷ്കരണം കൃത്യമായി നടപ്പാക്കുന്നതിനായി സഞ്ചയ/ ഡേറ്റാബേസിൽ നിലവിലുള്ള അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 23.01.2018ലെ 3-6865/11 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥ വിവരങ്ങൾ ഫോം നം.6, നികുതി നിർണ്ണയ രജിസ്റ്ററുകൾ മറ്റ് ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പരിശോധിച്ച് ഡേറ്റാ ശുദ്ധീകരിക്കുന്നതിനായി കെട്ടിടത്തിന്റെ യഥാർത്ഥ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ സ്ഥലപരിശോധന, അദാലത്ത് എന്നിവ നടത്തി യഥാർത്ഥ വിവരങ്ങൾ ശേഖരിച്ച് ഡേറ്റാ ശുദ്ധീകരിക്കണമെന്നമാണ് നിർദ്ദേശിച്ചിരുന്നത്. ഡേറ്റാ ശുദ്ധീകരിച്ച് വസ്തു നികുതി കുടിശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയപ്പോൾ കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ കെട്ടിട ഉടമകളിൽ നിന്നും ലഭിച്ചിട്ടുള്ളതായി ഓഡിറ്റ് വേളയിൽ പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. ഇവയിൽ ഏതാനം പരാതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഡേറ്റയിലെ തെറ്റിന്റെ വിവരം |
|---|---|---|
| 1 | 5/132 | 2016-17 വർഷം പൊളിച്ചു കളഞ്ഞ കെട്ടിടത്തിന് നിലവിലും ഡിമാന്റ് കാണിക്കുന്നു |
| 2 | 12/176 എ | 2014-15 വർഷം പൊളിച്ചു കളഞ്ഞ കെട്ടിടത്തിന് നിലവിലും ഡിമാന്റ് കാണിക്കുന്നു |
| 3 | 7/468 ബി | വാർഡ് നമ്പർ തെറ്റ് |
| 4 | 15/206 | തറ വിസ്തീർണ്ണത്തിൽ വ്യത്യാസം |

18.08.2019 വരെ 28 പരാതികളാണ് ലഭിച്ചിരുന്നത്. ഡേറ്റാ പ്യൂരിഫിക്കേഷൻ മൊഡ്യൂളിൽ തെറ്റ് തിരുത്തുന്നതിന് 04.12.2019 വരെ സമയം അനുവദിച്ചിരുന്നതിനെതുടർന്ന് ഇവ നിലവിൽ പരിഹരിച്ചിട്ടുണ്ട്.

സഞ്ചയയിലെ ഡേറ്റാ ശുദ്ധീകരണ പ്രക്രിയക്ക് ശേഷവും ചുവടെ ചേർക്കുന്ന വിവിധ കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ചല്ല നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | തറവിസ്തീർണ്ണം(ച.മീ) | സ്ഥാപനത്തിന്റെ പേര്, വ്യാപാരത്തിന്റെ തരം | നിർണ്ണയിച്ചിരിക്കുന്ന ഉപയോഗക്രമം |
|---|---|---|---|---|---|
| 1. | 14/501 എ | ടി.കെ. ഗോപാലൻ | 85 | മാളികയിൽ ഫ്ലവർ മില്ല്, ഫ്ലവർ മില്ല് | പാർപ്പിടം |
| 2. | 7/159 ബി | പ്രസാദ് പി. ജി. | 16 | അക്ഷയ് ഇൻഡസ്ട്രീസ്, കോൺക്രീറ്റ് കട്ടിള ജനൽ നിർമ്മാണം | അസംബ്ലി കൺവെൻഷൻ സെന്റർ |
| 3. | 10/592 | ബിനോദ് മാത്യു | 312 | മലാക്സ് റബ്ബേഴ്സ് | പാർപ്പിടം |
| 4. | 6/104 | കെ.ജെ. സ്കറിയ | 133 | സിമന്റ് ഇഷ്ടിക നിർമ്മാണം | പാർപ്പിടം |
| 5. | 11/163 | മഞ്ജു | 316 | റെഡിമേഡ് സെപ്റ്റിക് | പാർപ്പിടം |

| | | | | | |
|---|---|---|---|---|---|
| | | ജെയ്മോൻ | | ടാങ്ക് നിർമ്മാണം | |
| 6. | 7/163 | സോമൻ പെരമണ്ണിൽ | 96 | ഹോളോ ബ്രിക്സ് നിർമ്മാണം-ഇതരവ്യവസായം | 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ എന്ന നിരക്കിൽ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) ശുദ്ധീകരണ പ്രക്രിയക്ക് 3 ക്ലർക്കുമാരുടെ സേവനം മാത്രമാണ് ലഭ്യമായിരുന്നതെന്നും ഡേറ്റയിലെ അപാകതകൾ പരാതികൾ ലഭിച്ചപ്പോഴും പുനപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടപ്പോഴും പഴയ അസസ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ചും ആവശ്യമായ സംഗതികളിൽ പ്രാദേശിക പരിശോധന നടത്തിയും തിരുത്തൽ വരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള മേൽപരാമർശിത സംഗതികളിൽ കൃത്യമായ ഉപയോഗക്രമം നിർണ്ണയിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തുന്നതിന് അനുവദിച്ചിരുന്ന സമയം അവസാനിച്ചിട്ടുള്ളതിനാൽ ഇവയുടെ തെറ്റ് തിരുത്തി കൃത്യമാക്കുന്നതിന് അവസരം ലഭ്യമാകുവാൻ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.
ആകെയുള്ള 11549 കെട്ടിടങ്ങളിൽ 11547 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ അപാകതകൾ നിലവിൽ ശുദ്ധീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

31.03.2019 പ്രാബല്യത്തിൽ സാംഖ്യയിൽ നിന്നും സഞ്ചയയിൽ നിന്നുള്ളതുമായ വസ്തുനികുതി കളക്ഷൻ, ബാലൻസ് തുകയിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|
| | കറന്റ്(റസിഡൻഷ്യൽ +നോൺ റസിഡൻഷ്യൽ) | അരിയർ(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ) | കറന്റ്(റസിഡൻഷ്യൽ +നോൺ റസിഡൻഷ്യൽ) | അരിയർ (റസിഡൻഷ്യൽ +നോൺ റസിഡൻഷ്യൽ) |
| സാംഖ്യ പ്രകാരം | 33,17,370 | 19,27,473 | 16,13,067 | 16,98,282 |
| സഞ്ചയ പ്രകാരം | 33,09,362 | 19,28,728 | 14,26,943 | 16,55,032 |

ഡേറ്റാബേസ് ശുദ്ധീകരണ നടപടിക്രമങ്ങൾ ഫലപ്രദമായിട്ടില്ലായെന്നതാണ് മേൽ പരാമർശിത വ്യത്യാസം സൂചിപ്പിക്കുന്നത്. സഞ്ചയ വിവരശേഖരത്തിലെ അപാകതകൾ കണ്ടെത്തി വേണ്ടത്ര മുന്നൊരുക്കം നടത്താതെ നികുതി നിർണ്ണയം സംബന്ധിച്ച ശുദ്ധീകരണ പ്രക്രിയ നടപ്പാക്കിയതിനാലും ശുദ്ധീകരണ പ്രക്രിയ സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാലാണ് ശുദ്ധീകരണത്തിനു ശേഷവും അപാകതകൾ നിലനിന്നത്. വിവരസഞ്ചയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടില്ല. ഇനിയും നിലനിൽക്കുന്ന അപാകതകൾ കണ്ടെത്തേണ്ടതും ഡേറ്റാബേസ് പൂർണ്ണവും കുറ്റമറ്റതാക്കേണ്ടതുമാണ്.

## 1-9 വാണിജ്യ ഉപയോഗക്രമത്തിൽ പെർമിറ്റ് അനുദിച്ച കെട്ടിടത്തിന് പാർപ്പിട ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി

പഞ്ചായത്തിൽ 6-ാം വാർഡിൽ ഷാന്റി സാജു എന്നയാൾക്ക് നിലവിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വാണിജ്യ കൈവശഗണത്തിലുള്ള 195.12 ച.മീറ്റർ തറവിസ്തീർണ്ണത്തിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 04.07.2018ലെ 4307/2018 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നു. കെട്ടിട നിർമ്മാണം പൂർത്തിയായതിനാൽ ടിയാൻ വസ്തുനികുതി നിർണ്ണയത്തിനായി 23.11.2018 ൽ നൽകിയ അപേക്ഷയോടൊപ്പമുള്ള ഫോറം നം.2ൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജ് എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തെ പാർപ്പിടാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽപ്പെടുത്തിയാണ് (ച.മീറ്ററിന് 6/- നിരക്കിൽ 6/388 എസ് എന്ന് നമ്പർ നൽകി) വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ പൂർത്തിയായ കെട്ടിടത്തിൽ ലോഡ്ജിന് അനുയോജ്യമായ രീതിയിൽ അറ്റാച്ച്ഡ് ബാത്റൂം

സൗകര്യമുള്ള 4 മുറികളും ബാത്ത്റൂം ഇല്ലാതെ 4 മുറികളും മൂന്ന് ടോയ്‌ലെറ്റുകളുമാണ് ഉള്ളതെന്ന് കാണുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18) വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-10 ഹാളുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ആരാധനായലങ്ങളോട് അനുബന്ധിച്ചുള്ളതും അല്ലാതെയുള്ളതുമായ ചുവടെ ചേർക്കുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങൾക്ക് സ.ഉ(എം.എസ്)നം.20/2011, 04.01.2011 ന്റെയടിസ്ഥാനത്തിൽ അവക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

| | |
|---|---|
| 1 | ലയൺസ് ക്ലബ് ഹാൾ, അയർക്കുന്നം |
| 2 | അമയന്നൂർ ശ്രീ മഹാദേവ ക്ഷേത്രം ഓഡിറ്റോറിയം |
| 3 | മംഗളവാർത്ത ചർച്ച് പാരിഷ് ഹാൾ |
| 4 | ലൂർദ് മാതാ ഓഡിറ്റോറിയം, നീറിക്കാട് |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18) അന്വേഷണം നടത്തി വസ്തുനികുതി നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-11 ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്(പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 6/-, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10/-). ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം | ഈടാക്കിയ ഫീസ് (രൂപ) |
|---|---|---|---|---|---|
| 1 | സോമൻ ടി.എൻ. | 2/222 എ | 143 | പാർപ്പിടം | 858 |
| 2 | അനിൽകുമാർ | 1/50 എ | 14.31 | വാണിജ്യം | 143 |
| 3 | റോയ് മാത്യു | 17/466 എ | 118.47 | പാർപ്പിടം | 711 |
| 4 | രാജേഷ് കെ.എസ്. | 12/322 എ | 102.44 | പാർപ്പിടം | 615 |
| 5 | രാധാകൃഷ്ണൻ എം.ജി. | 12/299 ബി | 100.58 | പാർപ്പിടം | 604 |
| 6 | വി.സി. കുരിയാക്കോസ് | 16/183 സി | 178.12 | പാർപ്പിടം | 763 |
| 7 | വനജ രാധാകൃഷ്ണൻ | 16/54 എഫ് | 115.80 | പാർപ്പിടം | 348 |
| 8 | ഏലിയാസ് ഇട്ടിയവിര | 12/454 എ | 133 | പാർപ്പിടം | 800 |
| 9 | ഗ്രേസി | 14/13 എ | 148.96 | പാർപ്പിടം | 894 |
| 10 | ഗോപി | 6/185 എ | 166.24 | പാർപ്പിടം | 998 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134, ക്രമവത്കരണ ചട്ടങ്ങളിലെ ചട്ടം 137(4) പ്രകാരമാണ് ഫീസ് ഈടാക്കുന്നതെന്നും സങ്കേതം സോഫ്റ്റ്‌വെയറിലും ക്രമവത്കരണത്തിന് ഫീസ് ഉൾപ്പെടുത്തിയിട്ടില്ലായെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. സോഫ്റ്റ്‌വെയർ സംബന്ധമായ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം. നോട് ആവശ്യപ്പെടേണ്ടതും മേൽ പരാമർശിത നിരക്കിൽ രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതുമാണ്.

### 1-12 ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിനു ശേഷം കെട്ടിടനിർമ്മാണം നടത്തുന്നുണ്ടോയെന്നത് പരിശോധിക്കുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം തന്നെയാണ് ഭൂവികസന പെർമിറ്റും അനുവദിക്കുന്നത്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12(7) പ്രകാരം ഭൂനിരപ്പ് വരെ മണ്ണ് നീക്കം ചെയ്ത ശേഷം ബാക്കി പണികൾക്ക് വേണ്ടി തൻവർഷം ഭൂവികസന പെർമിറ്റ് എടുത്ത ആരും തന്നെ അപേക്ഷിക്കുകയോ ഉപ ചട്ടം 8 പ്രകാരം, തുടർ പണികൾക്കായി അനുബന്ധം C-1 മുഖേന സെക്രട്ടറി അനുമതി നൽകുകയോ ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷം മുതൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (03/26.12.2019 നമ്പർ ഓഡിറ്റ് റിക്വസിഷന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ)

| സാമ്പത്തിക വർഷം | അനുവദിച്ച ഭൂവികസന പെർമിറ്റുകളുടെ എണ്ണം | ഭൂവികസന പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിന്റെ എണ്ണം |
|---|---|---|
| 2015-16 | 1 | 1 |
| 2016-17 | 17 | 3 |
| 2017-18 | 38 | 9 |
| 2018-19 | 30 | 3 |

കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ വളരെ കുറവ് പ്ലോട്ടുകളിൽ മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളതെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും മേൽ പട്ടിക പ്രകാരം വസ്തുനികുതി നിർണ്ണയം നാളിതുവരെ നടത്തിയിട്ടില്ലാത്ത പ്ലോട്ടുകളിൽ പരിശോധന നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളും ജീവനക്കാരും നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ(രണ്ട് അർദ്ധവർഷങ്ങളിലും) |
|---|
| മുത്തൂറ്റ് ഫിൻകോർപ്പ്-തിരുവഞ്ചൂർ |
| ചെമ്മണ്ണൂർ ക്രഡിറ്റ് ഇൻവെസ്റ്റ്മെന്റ് |
| ധനലക്ഷ്മി ബാങ്ക് -അയർക്കുന്നം |
| എസ്.ബി.റ്റി-തിരുവഞ്ചൂർ |
| കാനറ ബാങ്ക്-അയർക്കുന്നം |
| ശബരി സൂപ്പർ മാർക്കറ്റ്-അയർക്കുന്നം |

താഴെപ്പറയുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| | |
|---|---|
| 1. | എബനേസർ ഡെന്റൽ ക്ലിനിക് |
| 2. | സുമ മെഡിക്കൽസ് |
| 3. | അശ്വതി ഡ്രഗ് ഹൗസ് |
| 4. | ആര്യ വൈദ്യശാല ഫാർമസി |
| 5. | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക് |
| 6. | കുട്ടുങ്കൽ ജ്യൂവലേഴ്സ് |
| 7. | തൃശ്ശൂർ ഫാഷൻ ജ്യൂവലറി |
| 8. | ഹോമിയോപതിക് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പി.വി.റ്റി |
| 9. | സന മെഡിക്കൽസ് |
| 10. | ആദി ഹോമിയോ ക്ലിനിക് |

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പി.കെ.രവീന്ദ്രൻ, ശിവശക്തി ഫർണ്ണീച്ചർ, അമയന്നൂർ | 9 | 42 |
| 2 | അനു ബിനോദ്, അനീഷ് പോളീമർ പ്രോഡക്ട്,<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, അമയന്നൂർ | 10 | 05 |
| 3 | ബിനോദ് മാത്യു, മാലക്സ് റബ്ബേഴ്സ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, അമയന്നൂർ | 10 | 15 |
| 4 | അനു ബിനോദ്, അനീഷ് പോളീമർ പ്രോഡക്ട്-<br>പാദരക്ഷകൾ നിർമ്മിക്കുന്നതിനും സ്റ്റോക്ക് ചെയ്യുന്നതിനും-<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, അമയന്നൂർ | 10 | 10 |
| 5 | പ്രസാദ് ജെയിംസ്, അരങ്ങത്ത്, അമയന്നൂർ, പാക്കേജഡ് കുടിവെള്ള നിർമ്മാണം | 20 | 08 |
| 6 | വെസ്റ്റേൺ ഐഡിയൽ ഫുഡ് പ്രോഡക്ട്, അലക്സ് തോമസ്, പീടികയിൽ, പൂഞ്ഞാർ തെക്കേക്കര | 04 | 10 |
| 7 | സജീവ് പി. കുര്യൻ, പുളിയായിൽ -അമയന്നൂർ, ഹൈടെക് പ്ലാസ്റ്റിക് | 10 | 40 |
| 8 | രവീൺ ജി., അമ്പാടി-ചുങ്കം, വളം നിർമ്മാണം-വിതരണം | 13 | 05 |
| 9 | ഡോ.ജോജി റ്റി.സെബാസ്റ്റ്യൻ, കൊറ്റത്തിൽ, അമയന്നൂർ-ആയുർവ്വേദ ആശുപത്രി | 17 | 17 |
| 10 | എം.ഡി.വസിം, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, അമയന്നൂർ, ട്രഡ് റബ്ബർ | 10 | 09 |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയും എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-15 ബസ് സ്റ്റാൻഡ് ലേലം -തുക ഒടുക്കുന്നതിൽ അകാരണമായ കാലതാമസം

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിൽ കയറി ഇറങ്ങുന്ന ബസുകളിൽ നിന്നും 10/- രൂപ നിരക്കിൽ 2019-20 വർഷം ടോൾ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ ശ്രീ.ബിനോ അലക്സ്, പുന്നാംപറമ്പിൽ എന്നയാൾക്ക് 1,22,000/- രൂപയ്ക്ക് 25.3.2019 ന് ലേലം ഉറപ്പിച്ച് നൽകിയിരുന്നു. എന്നാൽ ലേല രജിസ്റ്റർ പ്രകാരം ടിയാൾ 25.10.2019 വരെ രണ്ട് ഗഡുക്കളായി 28,600/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത് എന്ന് കാണുന്നു. കൂടാതെ ലേലതുകയുടെ 18% ജി.എസ്.ടി. ഈടാക്കണമെന്ന വ്യവസ്ഥ 2018-19, 2019-20 വർഷത്തേയ്ക്കുള്ള ലേലനടപടികളിൽ പാലിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കുത്തകക്കാരൻ 59,100/- രൂപ അടവാക്കിയെന്നും ബാക്കി തുക ഒടുക്കുന്നതാണെന്നും അറിയിച്ചിരുന്നു. ലേലമുറപ്പിച്ച് 7 മാസത്തിന് ശേഷവും പകുതി തുക പോലും കുത്തകക്കാരൻ അടവാക്കിയിരുന്നില്ലായെന്നത് വ്യക്തമായ ലേലനിബന്ധനകളുടെ ലംഘനമാണ്. ലേലതുക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 ഷോപ്പിങ്ങ് കോംപ്ലക്സ് - സപ്ലൈകോ -കെട്ടിടം വാടകയില്ലാതെ പ്രവർത്തിയ്ക്കുന്നു-സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല

ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം പദ്ധതിയിൽപ്പെടുത്തി വിവിധ വർഷങ്ങളിലായി 42,28,265 രൂപ ചെലവഴിച്ച് നിർമ്മിച്ച 16 മുറികളുള്ള ഇരുനിലകെട്ടിടം ഷോപ്പിംഗ് കോംപ്ലക്സായി ഉപയോഗിക്കുന്നതിനായി ഉദ്ദേശിച്ചിരുന്നു. കെട്ടിടത്തിന്റെ താഴത്തെ നില 2012-13 വർഷം മുതൽ സപ്ലൈകോ സൂപ്പർമാർക്കറ്റിന് വാടകയ്ക്ക് നൽകുന്നതിന് സ.ഉ(സാധാ) നം.2709/14/തസ്വഭവ തീയതി 20.10.2014 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താഴത്തെ നിലയിലെ 5 മുറികളുടെ ഇടഭിത്തികൾ നീക്കം ചെയ്യുകയും സപ്ലൈകോ, ഗോഡൗൺ, മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിന് സപ്ലൈക്കോയ്ക്ക് കൈമാറുകയും ചെയ്തു. 11.02.2013 ലെ കമ്മറ്റി തീരുമാനപ്രകാരം പി.ഡബ്ലിയു.ഡി. നിശ്ചയിക്കുന്ന വാടകനിരക്കിൽ വിട്ടുനൽകുന്നതിനാണ് തീരുമാനിച്ചത്. മുറികൾ വിട്ടുനൽകിയിരുന്നുവെങ്കിലും സപ്ലൈക്കോയുമായി ഗ്രാമപഞ്ചായത്ത് കരാർ വച്ചിരുന്നില്ല. 2.12.2015 ന് വാടക നിശ്ചയിക്കുന്നതിന് ആവശ്യപ്പെട്ട് പി.ഡബ്ലിയു.ഡി. ബിൽഡിംഗ്സ് വിഭാഗത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തതയുള്ളതിനാൽ വാടക നിശ്ചയിച്ച് നൽകിയിരുന്നില്ലായെന്ന് കാണുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി മുകൾ നിലയിലെ കടമുറികളുടെയുൾപ്പെടെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിങ്ങിൽ പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടിയതിന് മറുപടിയായി സ്ഥലം സറണ്ടർ ചെയ്ത് വർഷങ്ങൾക്ക് മുൻപ് ലഭിച്ചിരുന്നുവെങ്കിലും ആയത് ഗ്രാമപഞ്ചായത്തിന്റെ പേരിലാക്കി പോക്ക് വരവ് ചെയ്ത് മുതൽക്കൂട്ടിയിരുന്നില്ലായെന്ന് അറിയിച്ചിരുന്നു. സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കാതെ 42 ലക്ഷം രൂപയിലധികം തുക ചെലവഴിച്ച് നിർമ്മാണപ്രവർത്തനം നടത്തിയ നടപടി അതീവ ഗുരുതരമായ കൃത്യവിലോപമാണ്. സ്ഥലം അടിയന്തിരമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിനും അതുവഴി വാടകയിനത്തിലുള്ള ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം വാടകയിനത്തിൽ നഷ്ടമാവുന്ന തുക പഞ്ചായത്ത് അധികാരികളുടെ വ്യക്തിപരമായ ബാദ്ധ്യതയായി മാറുന്നതാണ്. കൂടാതെ സപ്ലൈകോയുമായി വാടക കുടിശിക ഉൾപ്പെടെ ഒടുക്കിക്കൊള്ളാം എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി കരാറിലേർപ്പെടേണ്ടതുമാണ്. കരാറിന്റെ അഭാവത്തിൽ ഏതെങ്കിലും നിയമ നടപടിൾ സ്വീകരിക്കേണ്ട സാഹചര്യം വന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തിന് നിയമത്തിന്റെ പിൻബലമില്ലാത്ത അവസ്ഥയുണ്ടാവാൻ ഇടയുണ്ട്. പ്രസ്തുത വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 കൊയ്ത്ത് മെതിയന്ത്രം വാടകയ്ക്ക് നൽകൽ- നടപടിക്രമങ്ങളിൽ അപാകത

1) കോട്ടയം ജില്ലാപഞ്ചായത്ത് 2009-10 വർഷം " അപ്പർ കുട്ടനാടിന് അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രം വാങ്ങൽ" എന്ന പ്രോജക്ട് പ്രകാരം ഒരു കൊയ്ത്ത് മെതിയന്ത്രം വാങ്ങി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. 9.11.2016 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 4-ാം നമ്പർ തീരുമാനപ്രകാരം കൊയ്ത്ത് മെതിയന്ത്രം കൊടുവള്ളി നെല്ലുൽപാദകസമിതിയ്ക്ക് കൈമാറുന്നതിന് തീരുമാനിച്ചിരുന്നു. 15.11.2016 ൽ സമിതിയുമായി ഏർപ്പെട്ട കരാർ പ്രകാരം 15.11.2016 മുതൽ 11 മാസത്തേയ്ക്ക് 70,000/- രൂപ വാടക നിശ്ചയിച്ച് നൽകുകയും പാടശേഖരസമിതി തുക ഒടുക്കുയും ചെയ്തിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ 5% വീതം വാടക വർദ്ധനവ് വരുത്തുന്നതിനും ഉദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഈടാക്കേണ്ടിയിരുന്ന വാടക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 15.11.2016 to 14.10.2017 | 70,000 |
| 15.10.2017 to 14.9.2018 | 73.500 |
| 15.9.2018 to 14.8.2019 | 77.175 |

എന്നാൽ ആദ്യ രണ്ടുതവണ വാടക നൽകിയ സമിതി 2018-19 വർഷം 29.4.2019 ന് രസീത് നം.119020100572 പ്രകാരം 73,000/-രൂപ മാത്രമേ അടച്ചിരുന്നുള്ളൂ. ബാക്കി തുക 77175-73000=4,175/- രൂപ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാനും 2018-19 ന് ശേഷം കരാർ പുതുക്കിയതായി കാണുന്നില്ലായെന്നത് സംബന്ധിച്ചും വിശദീകരണം ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6) മറുപടിയായി ശേഷിക്കുന്ന തുക അടവാക്കുന്നതിനും കരാർ പുതുക്കുന്നതിനും കത്ത് നൽകിയതായി അറിയിച്ചിരുന്നു. 30.3.2019 ലെ കരാറിൽ വാടക എത്രയെന്ന് രേഖപ്പെടുത്തിയിട്ടുമില്ല. നിലവിൽ കൊയ്ത്ത് മെതിയന്ത്രം വാടകയില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിരുന്നില്ല. 15.8.19 മുതലുള്ള കാലയളവിൽ കൊയ്ത്ത് മെതിയന്ത്രത്തിന്റെ വാടക ഈടാക്കിയിട്ടില്ല. യന്ത്രത്തിന്റെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിരുന്നില്ല. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം വാടകയിനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. മുൻവർഷത്തെ വാടക ഒടുക്കാതെയും വാടകക്കരാർ പുതുക്കാതെയും നെല്ലുത്പാദക സമിതിയുടെ കൈവശം കൊയ്ത്ത് മെതിയന്ത്രം തുടരാനനുവദിക്കുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 ട്രാക്ടർ വാടക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സെക്രട്ടറി കസ്റ്റോഡിയനായിട്ടുള്ളതുമായ ട്രാക്ടർ 2015-16 വർഷം വരെ ഗ്രാമപഞ്ചായത്തിൽ വാടക ഈടാക്കി കർഷകർക്ക് ഉപയോഗത്തിനായി നൽകി വന്നിരുന്നു. പ്രസ്തുത വാഹനത്തിന്റെ ഉപയോഗക്രമം വ്യക്തമാക്കുന്ന ബൈലോ തയ്യാറാക്കിയിരുന്നില്ല. ട്രാക്ടർ നിലവിൽ പാടശേഖരസമിതികൾക്കും, വ്യക്തികൾക്കും വാടകക്ക് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 2018-19 വാർഷികകണക്കുകളിൽ ഈയിനത്തിൽ വാടക വരവ് ഉൾപ്പെട്ടിട്ടില്ല. ലോഗ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായില്ല. ട്രാക്ടറിന്റെ ഉപയോഗം സംബന്ധിച്ച് യാതൊരു നിരീക്ഷണസംവിധാനവും ഗ്രാമപഞ്ചായത്തിനില്ല. ട്രാക്ടർ നിലവിൽ പ്രവർത്തനരഹിതമായി ഗ്രാമപഞ്ചായത്ത് വളപ്പിൽ കാണപ്പെട്ടു. ട്രാക്ടർ ഏത് കാലയളവിൽ പ്രവർത്തനം നിലച്ചുവെന്നത് സംബന്ധിച്ചും റിപ്പയർ നടത്തി ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനെ സംബന്ധിച്ചും ഗ്രാമപഞ്ചായത്തിൽ യാതൊരു രേഖയുമില്ല. കൃത്യമായ സർവ്വീസ് നടത്തി ട്രാക്ടർ ഉപയോഗപ്രദമാക്കാത്തതിന് മുൻവർഷങ്ങളിലെ സെക്രട്ടറിമാർ ഉത്തരവാദികളാവുന്നതാണ്. മെയിന്റനൻസ് നടത്തി ട്രാക്ടർ ഉപയോഗപ്രദമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 മാർക്കറ്റ് സ്റ്റാൾ ലേലം -നടപടിക്രമങ്ങളിൽ സുതാര്യതയില്ല

1) ഗ്രാമപഞ്ചായത്ത് മാർക്കറ്റിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ സ്റ്റാൾ നം.2, 3, 4, 5, 6, 7 എന്നിവയും മാർക്കറ്റ് സ്റ്റാൾ തറയും ലേലത്തിൽ എടുത്തിരുന്ന ശ്രീ.മഹേശൻ, ചേലക്കാട്ട് എന്നയാൾ മരണപ്പെട്ടതിനാലും പുതിയ ഷോപ്പിങ്ങ് ഒന്നാം നമ്പർ മുറി ലേലത്തിൽപ്പിടിച്ചിരുന്ന പി.വി.ജോസഫ് പുന്നമറ്റത്തിൽ, രണ്ടാം നമ്പർ മുറി ലേലത്തിൽപിടിച്ചിരുന്ന സെൽവിൻ തോമസ്, പേഴും കാട്ടിൽ എന്നിവർ മരണപ്പെട്ട് പോയതിനാലും ടി കടമുറികൾ 1.4.19 മുതൽ പുനർലേലം നടത്തുന്നതിന് സെക്രട്ടറി തീരുമാനമെടുക്കുകയും 30.3.2019 ന് ലേലം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ രീതിയിൽ പുനർലേലം നടത്തുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകാരം ലഭിച്ചിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ലേലനോട്ടീസ് കമ്മറ്റിയുടെ അറിവോടെയാണ് പ്രസിദ്ധീകരിച്ചതെന്നും അജണ്ടയിലുൾപ്പെടുത്താൻ വിട്ടുപോയതിനാൽ മിനിറ്റ്സിലും ഉൾപ്പെടുത്തിയിരുന്നില്ലായെന്ന് അറിയിച്ചിരുന്നു. മനപ്പൂർവ്വമല്ലാത്ത വീഴ്ചയാണെന്നും അറിയിക്കുകയുണ്ടായി. ലേലനടപടികൾ കമ്മറ്റിയുടെ അറിവോടെ മാത്രം നടപ്പാക്കേണ്ടതും ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-20 ഗ്രാമപഞ്ചായത്ത് കരട് ബൈലോ തയ്യാറാക്കി 2 വർഷത്തിന് ശേഷവും കമ്മറ്റി അംഗീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലുള്ള കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ വാടകനിബന്ധനകൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കിയിരുന്നുവെങ്കിലും ആയത് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചുനൽകിയിരുന്നില്ല. ബൈലോ അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കരട് ബൈലോ തയ്യാറാക്കി നിയമാനുസരണം പ്രസിദ്ധപ്പെടുത്തി ആക്ഷേപം സ്വീകരിച്ച് 4.12.2017 ൽ ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ആയത് പാസ്സാക്കി നൽകിയിരുന്നില്ല. ചർച്ചകൾക്കായി വീണ്ടും മാറ്റി വയ്ക്കുകയുണ്ടായി. കമ്മറ്റിയ്ക്ക് സമർപ്പിച്ച് രണ്ട് വർഷത്തോളമായിയെങ്കിലും നാളിതുവരെ കരട് ബൈലോ പാസ്സാക്കാൻ ഭരണസമിതിയ്ക്ക് കഴിഞ്ഞിട്ടില്ലായെന്നത് അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ്. വാടകകുത്തകക്കാരിൽ നിന്നും നിലവിൽ സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിരുന്നില്ല. സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കൽ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി കരട് ബൈലോ തയ്യാറാക്കി അടുത്ത കമ്മറ്റിയിൽ പരിഗണിച്ച് അംഗീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-21 പുറമ്പോക്കിൽ നിൽക്കുന്ന മരങ്ങളുടെ ലേലം നടപടികൾ പൂർത്തീകരിച്ചില്ല

2.7.2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം 5-ാം വാർഡിൽ പന്നഗം തോട് പുറമ്പോക്കിൽ നിന്ന 10 കാട്ട് മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/29.11.19) മറുപടിയായി മരങ്ങളുടെ വാല്യുവേഷൻ ലഭ്യമായിരുന്നുവെന്നും ലേലനടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിരുന്നു. ലേലനടപടികൾ നടത്തി തുക ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-22 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ സഹിതം ജില്ലാപഞ്ചായത്തിലേയ്ക്ക് റിക്വിസിഷൻ നൽകി ടെൻഡർ ഫീസ് തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിങ്ങ്, റീടാറിങ്ങ് പ്രവൃത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിന്റെ ഉപയോഗശൂന്യമായ ബാരലുകളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നം.59827/എഫ്എം/07തസ്വഭവ 30.10.07 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണൊ ടാർ വാങ്ങി പ്രവർത്തി ചെയ്തത് അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധന തീയതി 12.04.06 ഉത്തരവ് പാലിച്ച് തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ബിറ്റുമിൻ ബാരൽ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള ബാരൽ വില കണക്കാക്കി സർക്കാർ ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

### 1-24 പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവക്കായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടി

തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 5,00,000 |
| 2 | 320200399 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് | 1,03,650 |
| 3 | 320300103 | സമ്പൂർണ്ണ ശുചിത്വ പരിപാടി | 4,47,000 |
| 4 | 320700204 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്(റവന്യൂ ചെലവുകൾക്കുള്ളത്)- ബ്ലോക്ക് പഞ്ചായത്ത് | 13,10,268 |
| 5 | 320700205 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്(റവന്യൂ ചെലവുകൾക്കുള്ളത്)- ജില്ലാ പഞ്ചായത്ത് | 32,19,135 |
| 6 | 320700405 | മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട്(റവന്യൂ ചെലവുകൾക്കുള്ളത്)- ജില്ലാ പഞ്ചായത്ത് | 5,42,000 |

പ്രസ്തുത തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തുകകൾ സംബന്ധിച്ച് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. ഇതിൽ ഇനിയും ചെലവഴിക്കുവാൻ സാധിക്കാത്ത തുകകൾ ഉണ്ടെങ്കിൽ ആയവ ബന്ധപ്പെട്ട ഏജൻസികളിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

### 1-25 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് പ്രകാരവും 2003 ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് സംബന്ധിച്ച വിഷയം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-26 ലോഗ് ബുക്ക് ലഭ്യമല്ലാത്ത കാലയളവിൽ ഇന്ധനത്തിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

അയർക്കുന്നം ഗ്രാമപഞ്ചായത്ത് വക കെഎൽ5-എഡി 8120 നമ്പർ ബൊലേറൊ ജീപ്പിന്റെ പരിപാലനം സംബന്ധിച്ച് അപാകതകൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-5 ആയി ഉൾപ്പെടുത്തിയിരുന്നു. 03.02.2018ന് ശേഷമുള്ള ലോഗ് ബുക്ക് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ഡ്രൈവർ ശ്രീ.ശ്രീകുമാർ ആയത് ഹാജരാക്കിയിട്ടില്ലെന്നും ഇന്ധന ഇൻഡന്റ് വ്യാജമായി നിർമ്മിച്ച് ക്രമക്കേടുകൾ നടത്തിയത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്തെന്നും ആയത് പോലീസ് കേസിൽ എത്തിനിൽക്കുകയാണെന്നും സെക്രട്ടറി അറിയിച്ചതായും ടി ഖണ്ഡികയിൽ പരാമർശിച്ചിരുന്നു. സസ്പെൻഷനിലായ ഡ്രൈവർക്ക് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർ ജോലിയിൽ പ്രവേശിച്ച 26.06.2018 മുതലാണ് പുതിയ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. എന്നാൽ 2018-19 വർഷത്തെ ചെലവ് വൗച്ചറുകൾ

പരിശോധിച്ചതിൽ ലോഗ് ബുക്ക് ലഭ്യമല്ലാതിരുന്ന 04/2018, 05/2018 മാസങ്ങളിൽ വാഹനത്തിൽ ഇന്ധനം നിറച്ചതിന് അയർക്കുന്നം ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന് താഴെചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുള്ളതായി കണ്ടു

| ഏജൻസിയുടെ ബിൽ നം., തീയതി | ക്ലയിം ചെയ്ത തുക, നിറച്ചതായി ബില്ലിൽ രേഖപ്പെടുത്തിയ അളവ് | പഞ്ചായത്തിന്റെ ഇൻഡന്റ് നം. തീയതി | ഇൻഡന്റ് പ്രകാരമുള്ള ഇന്ധന അളവ്(ലിറ്റർ) | ചെലവിന്റെ വിവരം- ചെക്ക് നം, തീയതി |
|---|---|---|---|---|
| 1965, 03.04.2018 | 11738രൂപ, 174.01 ലിറ്റർ | 39129, 06.03.2018 | 20 | 105026, 10.04.2018 |
| | | 39130, 07.03.2018 | 56 | |
| | | 39131,12.03.2018 | 47.01 | |
| | | 39132, 23.03.2018 | 51 | |
| | | **ആകെ** | **174.01** | |
| 124, 17.05.2018 | 9811 രൂപ, 140.02 ലിറ്റർ | 39133, 03.04.2018 | 53.99 | 105059, 08.05.2018 |
| | | 39134, 21.04.2018 | 33.03 | |
| | | 39135, 30.04.2018 | 53 | |
| | | **ആകെ** | **140.02** | |

നിയന്ത്രണോദ്യോഗസ്ഥൻ ഇന്ധനത്തിന്റെ ഉപയോഗത്തിനുള്ള ചെലവിന്റെ കണ്ടിൻജന്റ് ബില്ലുകളിൽ വാങ്ങിയ പെട്രോളിന്റെ അളവ് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിലൊരു രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി കൃത്യമായ പരിശോധന നടത്താതെയാണ് ഇന്ധനം നിറച്ചതിന്റെ ചെലവ് അനുവദിച്ചിട്ടിള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 06.03.2018ലെ 39129 നമ്പർ ഇൻഡന്റിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ മേൽ പരാമർശിത ചെലവുകൾ അംഗീകരിക്കുന്നില്ല. ടി കാലയളവിൽ വാഹനത്തിൽ ഇന്ധനം നിറക്കുന്നതിനായി ചെലവഴിച്ച 21,549(11738+9811) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-27 ഇന്ധന ഉപയോഗം സംബന്ധിച്ച ബില്ല്/ഇൻഡന്റ് പ്രകാരമുള്ള വിവരം ലോഗ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

07/2018ൽ ഗ്രാമപഞ്ചായത്തന്റെ വാഹനത്തിൽ(ബൊലേറോ ജീപ്പ് നം. കെഎൽ 05 എ ഡി 8120) ഇന്ധനം നിറച്ചിന്റെ തുക ക്ലയിം ചെയ്യുന്നതിനായി അയർക്കുന്നം പെട്രോളിയം ഏജൻസി എന്ന സ്ഥാപനം സമർപ്പിച്ചിരിക്കുന്ന ബില്ല്, പഞ്ചായത്തിൽ നിന്നും കൺട്രോളിംഗ് ഓഫീസർ നൽകിയ ഇൻഡന്റ് എന്നിവ പ്രകാരമുള്ള ഉപയോഗം ലോഗ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഏജൻസിയുടെ ബിൽ നം., തീയതി | ക്ലയിം ചെയ്ത തുക, നിറച്ചതായി രേഖപ്പെടുതിതിയ അളവ് | പഞ്ചായത്തിന്റെ ഇൻഡന്റ് നം. തീയതി | ഇൻഡന്റ് പ്രകാരമുള്ള ഇന്ധന അളവ്(ലിറ്റർ) | ലോഗ് ബുക്ക് പ്രകാരം ഇന്ധനത്തിന്റെ അളവ്(ലിറ്റർ) |
|---|---|---|---|---|
| 1965, 03.04.2018 | 11,168രൂപ, 155.02 ലിറ്റർ | 82544, 10.07.2018 | 49.19 | 41.19(പേജ് നം.13) |
| | | 41537, 31.07.2018 | 53 | അന്നേ ദിവസം ഇന്ധനം നിറച്ചതായി രേഖപ്പെടുത്തലില്ല. |

| | | | |
|---|---|---|---|
| | | | 03.07.2018ൽ 51.94 ലിറ്റർ നിറച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.(പേജ് നം.358) |

22.07.2018ൽ 53.13 ലിറ്റർ നിറച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇൻഡന്റ്, ബില്ല് എന്നിവ പ്രകാരം കൃത്യമാണ്. ബാക്കി രേഖപ്പെടുത്തലുകൾ സംബന്ധിച്ച് വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22) മറുപടി നൽകിയില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവായ 11,168 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി - പ്രോജക്ടുകൾ നടപ്പാക്കിയതിൽ അപാകതകൾ

നിലവിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കും പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി 1 സ്പിൽ ഓവർ പ്രോജക്ടും പുതിയ രണ്ട് പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയിരുന്നു. പ്രോജക്ടുകൾ പരിശോധിച്ചതിൽ ഇവയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | 192/19- തെരുവ് വിളക്കുകൾക്ക് എ.എം.സി. |
|---|---|
| അടങ്കൽ | 499950- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1,00,000-(ബിൽ നം.4/20.06.2018)<br>1,50,000-(ബിൽ നം.13/21.01.2019)<br>**ആകെ-- 2,50,000** |

ഗ്രാമപഞ്ചായത്തിലെ 800 പോസ്റ്റുകളിൽ 9 വാട്ട് 800 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ച് പ്രകാശിപ്പിക്കുന്നതിന് 2017-18 വർഷം ആവിഷ്കരിച്ച പ്രോജക്ട് ടെൻഡർ നടപടിക്രമങ്ങൾ താമസിച്ചതു കാരണം സ്പിൽ ഓവറായി 2018-19 വർഷം നടപ്പാക്കി. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 4,99,950 രൂപ അടങ്കലിൽ ടെൻഡർ ചെയ്ത പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ നിരക്കായ പോസ്റ്റ് ഒന്നിന് 435 രൂപ ക്വോട്ട് ചെയ്ത ഡയോഡ് ലൈറ്റിംഗ് സിസ്റ്റംസ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരുവ് വിളക്കുകളുടെ പരിപാലനം(റിപ്പയറിംഗും മെയിന്റനൻസും) സംബന്ധിച്ച മാർഗരേഖ(15.09.2011 ലെ സർക്കുലർ നം.ഡി എ 3/2011/ത.സ്വ.ഭ.വ) പ്രകാരം തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി യിലെയും അധികൃതർ സംയുക്ത പരിശോധന നടത്തി ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കണം എന്നാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2) മേൽ പരാമർശിത മാർഗരേഖ പ്രകാരം എ.എം.സി. കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കുന്ന എല്ലാ സംഗതികളും പ്രവർത്തനക്ഷമമാണോയെന്ന് ഗ്രാമപഞ്ചായത്തും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി ഇത് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരിക്കെ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

3) കരാറുകാരൻ സ്ഥാപിക്കുന്ന ഉപകരണങ്ങൾ പഞ്ചായത്തിൽ സ്റ്റോക്കിലെടുത്തിട്ടല്ല വിതരണം ചെയ്തിട്ടുള്ളത്.

4) മാറ്റുന്ന പഴയ സ്ട്രീറ്റ്ലൈറ്റ് ഉപരണങ്ങൾ തിരികെ പഞ്ചായത്തിൽ എത്തിക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ തിരികെ എത്തിച്ചിട്ടില്ല.

| പ്രോജക്ട് നം. | 07/19- തെരുവ് വിളക്കുകളുടെ എ.എം.സി. | 19/19- തെരുവ് വിളക്കുകളുടെ വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം |
|---|---|---|
| അടങ്കൽ | 4,00,000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,00,000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ബിൽ നം.39/25.03.2019- 1,00,000<br>ബിൽ നം.40/25.03.2019- 1,00,000 | ബിൽ നം.42/25.03.2019- 1,00,000<br>ബിൽ നം.43/25.03.2019- 1,00,000 |

| | | |
|---|---|---|
| | ബിൽ നം.41/25.03.2019- 1,00,000<br>**അകെ -3,00,000** | ബിൽ നം.44/25.03.2019- 1,00,000<br>**ആകെ -300000** |

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ 40 വാട്ടിന്റെ 150 സിംഗിൾ ട്യൂബ് സെറ്റ് ഒരു വർഷത്തേക്ക് പരിപാലനം നടത്തുക, 40 വാട്ടിന്റെ പുതിയ 60 സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുക, 12 വാട്ടിന്റെ 200 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ച് ഒരു വർഷത്തേക്ക് പരിപാലനം നടത്തുക എന്നതായിരുന്നു പ്രോജക്ട് നം.07/19ന്റെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ 12 വാട്ടിന്റെ പുതിയ 600 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ച് ഒരു വർഷത്തേക്ക് പരിപാലനം നടത്തുക എന്നതായിരുന്നു പ്രോജക്ട് നം.19/19ന്റെ ലക്ഷ്യം. പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരേ ഇനം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് രണ്ട് പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവക്ക് ഒരേ തീയതിയിൽ (09.08.2018) രണ്ട് പ്രത്യേക ടെൻഡറുകളും ക്ഷണിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ഒരേ ഇനം പ്രവർത്തികൾക്ക് പ്രത്യേകം പ്രത്യേകം ടെൻഡർ ക്ഷണിക്കുന്നത് ഒഴിവാക്കേണ്ടിയിരുന്നു.

2) 2017-18 വർഷം സ്പിൽ ഓവറായ മറ്റൊരു പ്രവൃത്തി പൂർത്തിയാകുന്നതിനു മുമ്പ് തന്നെ പുതിയ പ്രോജക്ട് ആവിഷ്കരിച്ചു. ഇത്രയും ഉപകരണങ്ങളുടെ ആവശ്യകത സംബന്ധിച്ച് യാതൊരു പരിശോധനയും നടന്നിട്ടില്ല.

3) 4,00,000 അടങ്കലിലാണ് രണ്ട് പ്രവൃത്തികളും ടെൻഡർ ചെയ്തത്. രണ്ട് പ്രവൃത്തികൾക്കും ഒരേ സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് പ്രവൃത്തികളിലും അടങ്കലിൽ നിന്നും 4.5% കുറവ് നിരക്കിൽ (3,82,000) ടെൻഡർ സമർപ്പിച്ച മുരിക്കാനത്തിൽ കൺസൽട്ടൻസി എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് 3,60,000 രൂപക്ക് രണ്ട് പ്രവൃത്തികൾക്കും കരാർ നൽകി(31.08.2018ലെ1(4) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം). രണ്ട് പ്രവൃത്തികൾക്കും ടെൻഡർ സമർപ്പിച്ചിരുന്ന സ്ഥാപനങ്ങളിൽ അമ്മിണി ഇലക്ട്രോണിക്സിന്റെ ടെൻഡർ കൂടിയ നിരക്ക് കാരണവും, ഡയോഡ് സിസ്റ്റംസിന്റെ ടെൻഡർ മുൻകാല പ്രവർത്തനങ്ങളിലെ അതൃപ്തി കാരണവും, ഫീനിക്സ് സിസ്റ്റംസ്, വയനാട് എന്ന സ്ഥാപനത്തിന്റെ ടെൻഡർ, ടെൻഡറിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും ഒഴിവാക്കിയിരുന്നു.

4) രണ്ട് പ്രവൃത്തികൾക്കും 4,00,000 രൂപ എന്ന അടങ്കലാണ് തയ്യാറാക്കിയത്. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത അടങ്കൽ നിശ്ചയിച്ചതെന്ന് വിശദീകരിച്ചില്ല.

5) സപ്ലൈ ചെയ്യേണ്ട ഉപകരണങ്ങളുടെ എണ്ണവും തരവും കൃത്യമായി ടെൻഡറിൽ പരാമർശിച്ചിരിക്കെ ഓരോ ഇനത്തിനും പ്രത്യേക നിരക്ക് ക്വോട്ട് ചെയ്യാതെ മൊത്തം അടങ്കലിൽ നിന്നും നിശ്ചിത ശതമാനം കുറവിൽ പ്രവൃത്തി ചെയ്യാം എന്ന് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചത് ക്രമപ്രകാരമല്ല. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ അടങ്കൽ നിശ്ചയിച്ചതുകാരണം ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കപ്പെട്ടില്ല.

6) പ്രോജക്ട് നം.07/19 പ്രകാരം ഓരോ വാർഡിലും 3 സി എഫ് എൽ സ്ഥാപിച്ചതായും, 5 സി എഫ് എൽ റിപ്പയർ ചെയ്തതായും 10 എൽ ഇ ഡി സ്ഥാപിച്ചതായും(ആകെ 60 സി എഫ് എൽ സ്ഥാപിച്ചു, 100 സി എഫ് എൽ റിപ്പയർ ചെയ്തു, 200 എൽ ഇ ഡി സ്ഥാപിച്ചു) എന്ന വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം.19/19 പ്രകാരം 30 എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഓരോ വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്താതെ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

7) കരാറുകാരൻ സ്ഥാപിക്കുന്ന ഉപകരണങ്ങൾ പഞ്ചായത്തിൽ സ്റ്റോക്കിലെടുത്തിട്ടല്ല വിതരണം ചെയ്തിട്ടുള്ളത്.

8) മാറ്റുന്ന പഴയ സ്ട്രീറ്റ്ലൈറ്റ് ഉപരണങ്ങൾ തിരികെ പഞ്ചായത്തിൽ എത്തിക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ തിരികെ എത്തിച്ചിട്ടില്ല.

ആവശ്യമായ തെരുവ് വിളക്ക് ഉപകരണങ്ങളുടെ കൃത്യമായ കണക്കെടുപ്പ് നടത്താതെ ആകെ വാങ്ങിയ ഉപകരണങ്ങൾ ഓരോ വാർഡിലും തുല്യമായി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇതു കാരണം ആവശ്യമായ എല്ലാ സ്ഥലങ്ങളിലും തെരുവ് വിളക്കുകൽ സ്ഥാപിക്കപ്പെടുന്നില്ല, വിവിധ പ്രോജക്ടുകൾ പ്രകാരം വളരെയധികം തുക ചെലവഴിക്കുന്നെങ്കിലും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയിട്ടില്ലായെന്നും ആയതു നൽകുന്ന മുറയ്ക്ക് നിയമപരമായ ജി.എസ്.ടി. ഈടാക്കുമെന്നും അറിയ്ച്ചിട്ടുണ്ട്. ഒരു ഇലക്ട്രിക്ക് പോസ്റ്റ് ഒരു വർഷത്തേക്ക് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നിരക്കാണ് കരാറുകാർ ക്വോട്ട് ചെയ്തതെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഈ വസ്തുത തെറ്റാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച കൃത്യമായ വാർഡ് തിരിച്ചുള്ള കണക്ക് തയ്യാറാക്കേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതകളിൻമേൽ ഉചിതമായ

പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ മേൽ പരാമർശിത 3 പ്രോജക്ടുകൾ പ്രകാരം ചെലവായ 8,50,000 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച് വിശദമായ മറുപടി നൽകേണ്ടതാണ്.

### 1-29 എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ)- നിർവ്വഹണത്തിലെ അപാകതകൾ- ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 193/19- എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ) |
| അടങ്കൽ | 15,23,460-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>3,09,040- തനത് ഫണ്ട്<br>----------<br>**18,32,500** |
| ചെലവ് | 9,16,250-(ബിൽ നം.36/21.03.2019) |

ഗ്രാമപഞ്ചായത്ത് തലത്തിൽ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനായി തുമ്പൂർമുഴി മാതൃകയിലുള്ള എയ്റോബിക്ക് വേസ്റ്റ് ബിന്നുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഗവ. യു.പി.സ്കൂൾ ആറുമാനൂർ, തിരുവഞ്ചൂർ ഗവ. വൃദ്ധസദനം, അയർക്കുന്നം മാർക്കറ്റ്, അയർക്കുന്നം സി.എച്ച്.സി., അയർക്കുന്നം സെന്റ് ജോസഫ് സ്കൂൾ എന്നിവടങ്ങളിൽ എയ്റോബിക്ക് വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന്(ഡി.എസ്.ആർ. 2016 കെസ്റ്റ് ഇൻഡക്സ് 1.4412 പ്രകാരം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ്) 18,00,000 രൂപയുടെ അടങ്കലിന് ശുചിത്വ മിഷൻ അനുമതി ലഭ്യമായതനുസരിച്ച് (08.03.2018ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്) നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി., പാലക്കാട് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ നിന്നും 06.02.2018ൽ ശുചിത്വ മിഷന് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ഒരു എയ്റോബിക് യൂണിറ്റിന് 3,66,500 രൂപ പ്രകാരം ആകെ 18,32,500 രൂപയാണ്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് ശുചിത്വ മിഷൻ 08.03.2018ൽ നൽകിയ സാങ്കേതിക അനുമതി 18,00,000 രൂപക്കായിരുന്നു. നിർവ്വഹണ ചെലവ് 18,00,000 രൂപയിൽ അധികരിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ 18,32,500 രൂപയ്ക്കാണ് സാങ്കേതിക അനുമതി നൽകിയത്. തുടർന്ന് ഐ.ആർ.ടി.സി.യുമായി 18,32,500 രൂപക്കാണ് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്(23.02.2019ലെ കരാറിലെ വ്യവസ്ഥ നം.2). ശുചിത്വ മിഷൻ നൽകിയ സാങ്കേതിക അനുമതിയിലും അധികരിച്ച തുകക്കാണ് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

2) ആകെ എസ്റ്റിമേറ്റിന്റെ 50% തുകയായ 9,16,250 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച മാർഗരേഖ(ജി.ഒ(പി)311/74/ഫിൻ, 30.07.2014) പ്രാകാരം അനിവാര്യ സാഹചര്യത്തിൽ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ നിർവ്വഹണ ഏജൻസിക്ക് എസ്റ്റിമേറ്റിന്റെ 20% വരെ മുൻകൂർ നൽകാമെന്നാണ്.

ഗവ.യു.പി.സ്കൂൾ ആറുമാനൂർ എന്ന സ്ഥാപനത്തിൽ എയ്റോബിക്ക് ബിൻ സ്ഥാപിച്ചതായി 02.12.2019 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടിരുന്നു. എന്നാൽ ബിന്നുകളിൽ മാലിന്യം നിക്ഷേപിക്കുന്നതുൾപ്പടെയുള്ളയുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിരുന്നില്ല. വിഷയം 05.12.2019ലെ എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽ പരാമർശിച്ചിരുന്ന എല്ലാ സ്ഥലങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ ബാക്കി തുക നൽകിയിട്ടില്ലായെന്നുമാണ് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ അറിയിച്ചത്. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി പരിധിയായ 18,00,000 രൂപയിലധികം തുക സ്ഥാപനത്തിന് നൽകാവുന്നതല്ല. പ്രവൃത്തിയുടെ അന്തിമ സെറ്റിൽമെന്റ് നടത്തി വിശദാംശം അറിയിക്കേണ്ടതാണ്. അതു വരെ ചെലവായ 9,16,250 രൂപ തടസ്സപ്പെടുത്തുന്നു. എയ്റോബിക് യൂണിറ്റ് പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-30 പകൽവീടിന് ഫർണ്ണിച്ചർ -വാങ്ങിയ ഫർണ്ണിച്ചർ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 195/19- പകൽ വീട് ഫർണ്ണീച്ചർ |
| അടങ്കൽ | 74,200- വികസന ഫണ്ട്- സാധാരണം |
| ചെലവ് | 72,325(ബിൽ നം.26/06.02.2019)<br>1,875(ബിൽ നം.47/27.03.2019) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പരാമർശിത പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സപ്ലൈ ചെയ്യതിന് നവഭാരത് ഏജൻസീസ്, കോട്ടയം എന്ന സ്ഥാപനത്തിന് 74,200 രൂപ നൽകിയിട്ടുണ്ട്.

| ഉപകരണം | എണ്ണം |
|---|---|
| മേശ(4'x2'- നോവോപാൻ ടോപ്) | 2 |
| പ്ലാസ്റ്റിക് കസേര(നീൽക്കമൽ) | 15 |
| സ്റ്റീൽ അലമാര | 1 |
| എൽ.ഇ.ഡി. ടി വി- (32"- സാംസങ്ങ്) | 1 |

02.12.2019ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 1 മേശ ഒഴികെ മറ്റെല്ലാ ഉപകരണങ്ങളും സ്ഥാപനത്തിൽ ഉള്ളതായി കണ്ടു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32) പ്രസ്തുത ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്നുണ്ടെന്ന മറുപടിയാണ് നൽകിയത്. കൃത്യമായ ആവശ്യം നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങുന്നത് ക്രമപ്രകാരമല്ല. പ്രാദേശിക പരിശോധനയിൽ പകൽവീട് പ്രവർത്തനക്ഷമമല്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് പ്രവർത്തനക്ഷമമാക്കി വിശദാംശം അറിയിക്കേണ്ടതാണ്. ഫർണ്ണീച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച 74,200 രൂപ തടസ്സപ്പെടുത്തുന്നു.

### 1-31 മഴക്കാലപൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 2,00,000 രൂപ വാർഡുതല ശുചിത്വ കമ്മിറ്റികൾക്ക് നൽകുന്നതിനായി പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും(അക്കൗണ്ട് നം.36167386612) ചെക്ക് നം.417566/26.11.2018 പ്രാകരം പിൻവലിച്ച തുക (വൗച്ചർ നം.21800576/26.11.2018) മെഡിക്കൽ ഓഫീസറുടെ പേരിലുള്ള 037608332659 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവിനാധാരമായ അനുബന്ധ വൗച്ചറുകൾ സൂക്ഷിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയരി നൽകിയതനുസരിച്ച് 2 വാർഡുകളിൽ(3,12) ചെയ്ത പ്രവൃത്തികളുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കി(ചെലവ്- 20,000 രൂപ). മെഡിക്കൽ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും 10,000 രൂപ വീതം പ്രസ്തുത രണ്ട് വാർഡുകളിലെ ശുചിത്വ സമിതികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടായിരുന്നു. ചെലവ് വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ 1,80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-32 വാട്ടർ കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിച്ചത്- നടപടിക്രമങ്ങളിലെ അപാകത-ചെലവ് തുക തടസ്സപ്പെടുത്തുന്നു

വരൾച്ച പ്രധിരോധപ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കുടിവെള്ള ടാങ്കുകൾ സ്ഥാപിക്കുന്നതിന് 4 വാർഡുകളിൽ പ്ലാറ്റ്ഫോം നിർമ്മിച്ചതിന് വിവിധ വ്യക്തികൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവായ തുക(രൂപ) | തുക കൈപ്പറ്റിയ വ്യക്തി | വൗച്ചർ നം. |
|---|---|---|---|
| 19 | 9,950 | സാബു ജോസഫ് | 21800128/25.05.2018 |
| 11 | 9,900 | | |
| 6 | 9,950 | | |

| | | | |
|---|---|---|---|
| 5 | 10,000 | ജയിന് പി. ജോർജ്ജ്, പുളിങ്ങാത്തിൽ | 21800193/30.06.2018 |
| **ആകെ** | **39,800** | | |

മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തികൾ ആവിഷ്കരിച്ച് വാർഷിക പദ്ധതിയിൽപ്പെടുത്തി ടെൻഡർ നടപടികൾ സ്വീകരിച്ച് നടപ്പാക്കിയില്ല. പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, വാല്വേഷൻ റിപ്പോർട്ട് എന്നിവയില്ല. 04.12.2019ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 11-ാം വാർഡിൽ ഒരു കിയോസ്ക് സ്ഥാപിച്ചിരിക്കുന്നതായി കണ്ടു. അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/04.12.2019) മറുപടി നൽകിയില്ല. ബാക്കി കിയോസ്കുകൾ എവിടെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും പ്രവൃത്തികളുടെ വിശദമായ വാല്വേഷൻ ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവായ 39,800 രൂപ തടസ്സപ്പെടുത്തുന്നു.

### 1-33 ശമ്പളത്തിൽ നിന്നും ഈടാക്കിയ വായ്പാ റിക്കവറി തുകകളുടെ കൈപ്പറ്റ് രസീതില്ല- തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ശ്രീകുമാർ വി.ഡി., ഓഫീസ് അറ്റൻഡന്റ് എസക്കി മുത്തു എന്നീ ജീവനക്കാരുടെ വിവിധ ധനകാര്യസ്ഥാപനങ്ങളിലെ വായ്പാ തിരിച്ചടവിനായി ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത തുകകൾ പ്രസ്തുത സ്ഥാപനങ്ങളിൽ കൈപ്പറ്റിയതിന്റെ രസീത് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇസക്കി മുത്തു, ഓഫീസ് അറ്റന്റന്റ് | | | |
|---|---|---|---|
| ക്രമ നം. | തുക | വൗച്ചർ നം. | കുറിപ്പ് |
| 1 | 3,000 | 21800112/09.05.2018 | സർവ്വീസ് സഹകരണ ബാങ്ക് നം.376, കോടിമതയിൽ അടവാക്കുന്നതിന് പിൻവലിച്ച തുക |
| 2 | 3,000 | 21800186/27.06.2018 | |
| 3 | 3,000 | 21800315/16.08.2018 | |
| 4 | 3,000 | 21800258/30.07.2018 | |
| 5 | 3,000 | 21800380/06.09.2018 | |
| 6 | 3,000 | 21800631/12.12.2018 | |
| 7 | 3,000 | 21800632/12.12.2018 | |
| 8 | 3,000 | 21800731/23.10.2019 | |
| 9 | 3,000 | 21800976/06.03.2019 | |
| **ആകെ** | **27,000** | | |

| ശ്രീകുമാർ വി.ഡി., ഡ്രൈവർ | | | |
|---|---|---|---|
| ക്രമ നം. | തുക | വൗച്ചർ നം. | കുറിപ്പ് |
| 1 | 5,000 | 21800113/09.05.2018 | കെ.എസ്.എഫ്.ഇ., കാഞ്ഞിരപ്പള്ളി ശാഖയിൽ അടവാക്കുന്നതിന് പിൻവലിച്ച തുക |
| 2 | 5,000 | 21800186/27.06.2018 | ഗവ.എംപ്ലോയീസ് സഹകരണ ബാങ്ക് നം.47ൽ അടവാക്കുന്നതിന് പിൻവലിച്ച തുക |

| | | | |
|---|---|---|---|
| 3 | 5,000 | 21800258/30.07.2018 | കെ.എസ്.എഫ്.ഇ., കാഞ്ഞിരപ്പള്ളി ശാഖയിൽ അടവാക്കുന്നതിന് പിൻവലിച്ച തുക |
| 4 | 13,150 | 21800976/06.03.2019 | ഗവ.എംപ്ലോയീസ് സഹകരണ ബാങ്ക് നം.47ൽ അടവാക്കുന്നതിന് പിൻവലിച്ച തുക |
| ആകെ | **28,150** | | |

കൈപ്പറ്റ് രസീത് ലഭ്യമല്ലാത്തതിനാൽ ആകെ ചെലവായ 55,150 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-34 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് ആർജ്ജിതാവധി അനുവദിക്കുന്നത്- സേവന രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എൻജിനീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം ആർജ്ജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം 30 ആർജ്ജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജ്ജിതാവധിയും, അക്രഡിറ്റഡ് എൻജിനീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 18.05.2011 ലെ 18805/മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്. സെൽ 01/10/സി ആർ ഡി സർക്കുലറിന്റെയടിസ്ഥാനത്തിൽ 15 ആർജ്ജിതാവധിയുമാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. സേവനപുസ്തകത്തിൽ ലീവ് അക്കൗണ്ട് രേഖപ്പെടുത്തി ആർജ്ജിച്ച അവധി കൃത്യമായി കണക്കാക്കാതെ, മേൽ പരാമർശിത ജീവനക്കാർക്ക് 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്തു നൽകിയിട്ടുണ്ട്(ആകെ കരാർ തുകയുടെ പകുതി തുക). ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് അവധി കണക്കാക്കാതെ സറണ്ടർ അനുവദിക്കുന്നത് ക്രമപ്രകാരമല്ല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31) ജീവനക്കാർക്ക് സർവ്വീസ് ബുക്ക് ഉടൻ തന്നെ ഓപ്പൺ ചെയ്ത് ടി ആളുകൾ ജോലിയിൽ പ്രവേശിച്ച നാളുമുതൽക്കുള്ള രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം മാത്രമേ തുടർന്ന് ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. പരിഹാര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-35 25 ലക്ഷം രൂപയിലധികം ചെലവഴിച്ച അമയന്നൂർ ക്ഷേത്രക്കുളം - നിർമ്മാണപ്രവർത്തനങ്ങൾ വെള്ളത്തിനടിയിൽ - കുളം ഉപയോഗശൂന്യമായി

| | |
|---|---|
| പ്രോജക്ട് നം. | 200/19 |
| അടങ്കൽ | 30,00,000/- |
| ആകെ വേലമൂല്യം | 27,13,929/- |
| 2018-19 ലെ ചെലവ് | 3,89,560/- |
| കരാറുകാരൻ | ലൂക്കോസ് പാച്ചൻ |
| കരാർ നം. | 138/AE/LSGD/ARKM/2016-17 തീയതി 26.08.2016 |
| എംബുക്ക് നം. | 134/17-18 |
| ചെക്ക് നം. | 4581404/27.03.2019 |

ഗ്രാമപഞ്ചായത്തിലെ അമയന്നൂർ മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണത്തിനായി 2014-15 വർഷം സർക്കാർ ഉത്തരവ് നം.5880/2014/ആർഡി തീയതി 26.11.2014 പ്രകാരം ദേവസ്വം ബോർഡിൽ നിന്നും 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഉപയോഗിച്ച് വന്നിരുന്ന ക്ഷേത്രക്കുളം സൈഡ് കല്ല് കെട്ടി സംരക്ഷിക്കുക വഴി ജലാശയങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെയായിരുന്നു പ്രസ്തുത തുക അനുവദിച്ചിരുന്നത്. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്ഷേത്രക്കുളത്തിന്റെ നീളം വീതി എന്നിവയിൽ കുറവ് വരുത്തി

കുളത്തിന്റെ വിസ്താരം ചെറുതാക്കിയായിരുന്നു. കുളത്തിന്റെ സൈഡിൽ ഇടിഞ്ഞ് കിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനും സൈഡ് വാൾ 2.6m വീതിയിലും 50cm ആഴത്തിലും ഫൗണ്ടേഷൻ DR കെട്ടി അതിന് മുകളിൽ കമ്പി ഉപയോഗിച്ച് ബെൽറ്റ് വാർത്തതിന് ശേഷം DR കെട്ടി അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും കുളത്തിലേക്ക് ഇറങ്ങുന്നതിന് സ്റ്റെപ്പ് നിർമ്മിക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ പ്രവർത്തി ചെയ്തത് 333m3(298m3+35.7m3) മണ്ണ് കുഴിച്ച് മാറ്റുകയും കുളത്തിന്റെ അടിത്തട്ടിൽ നിന്നും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയുമാണ്. 9.5.2019 ന് ക്ഷേത്രം ഭാരവാഹികൾ ഗ്രാമപഞ്ചായത്തിന് നൽകിയ കത്ത് പ്രകാരം രണ്ടുവർഷം മുൻപ് ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിച്ചിരുന്നില്ലായെന്നും ഉപയോഗിച്ചുവന്നിരുന്ന കുളം പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ശേഷം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും കൽക്കെട്ട് പൂർത്തിയായിട്ടില്ലായെന്നും കെട്ടിയഭാഗത്ത് മണ്ണ് നിറച്ചിട്ടില്ലായെന്നും അടിയന്തിര നടപടികൾ ഉണ്ടാവണമെന്നും അറിയിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/3.12.19)മറുപടി ലഭ്യമായില്ല.



**ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മാണം നടത്തിയ ക്ഷേത്രക്കുളം ഉപയോഗശൂന്യമായ നിലയിൽ**

4.12.2019ന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കൽക്കെട്ട് കാണുവാൻ സാധിച്ചില്ല. മുക്കാൽ ഭാഗത്തോളം ജലം നിറഞ്ഞുകിടക്കുന്ന കുളത്തിന്റെ പാർശ്വഭിത്തികൾ ഇടിഞ്ഞുപോകുന്ന അവസ്ഥയിലുമാണ്. കൽക്കെട്ട് കുളത്തിന്റെ അടിയിലാണ് എന്ന് ഓവർസിയർ അറിയിച്ചിരുന്നു. കുളം ഉപയോഗശൂന്യമായതിനാൽ പായൽ നിറഞ്ഞ് മലിനമായ സ്ഥിതിയാണുള്ളത്. ഫണ്ട് ലഭ്യത കണക്കാക്കി കുളത്തിന്റെ സൈഡ് കെട്ടുക തുടങ്ങിയ അടിസ്ഥാനപ്രവൃത്തികൾ ഉൾപ്പെടുത്തി പ്രവൃത്തി നടത്താതിരുന്നത് മൂലം 25 ലക്ഷം മുടക്കിയ നിർമ്മാണപ്രവർത്തികൾ യാതൊരു പ്രയോജനവുമില്ലാതെ പാഴായ സ്ഥിതിവിശേഷമാണ്. കുളത്തിന്റെ ഉയരത്തിൽ കൽക്കെട്ട് കെട്ടണമെങ്കിൽ വീണ്ടും ഇത്രയും തുക തന്നെ ആവശ്യമായി വരും എന്നിരിക്കെ തുടർപ്രവർത്തനങ്ങൾ നിലയ്ക്കുന്ന സാഹചര്യമാണ് സംജാതമായത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യവകുപ്പ് 5 ലക്ഷം രൂപയും അതിന് മുകളിലുള്ള വർക്കുകൾക്ക് ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ കരാർ ഉറപ്പിച്ച് നൽകിയ കരാറുകാരൻ പേഴ്സന്റേജ് റേറ്റ് ടെൻഡറാണ് സമർപ്പിച്ചിരുന്നത്(10% below). ഈ രീതിയിൽ ടെൻഡർ സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമല്ല.

2) ടെൻഡർ നോട്ടീസ്, സെലക്ഷൻ നോട്ടീസ് എന്നിവ പ്രകാരം 6 മാസമാണ് പൂർത്തീകരണകാലാവധി. എന്നാൽ 26.8.2016 ന് കരാർ വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകിയ കരാറുകാരൻ 15.2.2017, 14.5.2017, 24.5.2018, 24.12.2018, 15.2.2019 തീയതികളിൽ കാലാവധി ദീർഘീകരണത്തിന് അപേക്ഷിച്ചിരുന്നു.. എന്നാൽ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതി ലഭ്യമായതായി കാണുന്നില്ല. കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി അവസാനഅളവുകൾ എടുത്തിരിക്കുന്നത് 4.02.2019 നാണ്. ഇത്രയും കാലതാമസം വരുത്തിയതിന് പൊതുമരാമത്ത് മാനുവൽ അനുശാസിക്കുന്ന നിയമാനുസൃതപിഴ ഈടാക്കിയിരുന്നില്ല. കാലതാമസത്തിനുള്ള പിഴ തുകയായ പി.എ.സി. യായ 26,99,967/- രൂപയും 3% (2%+1%) തുകയായ 80,999/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) എല്ലാ തദ്ദേശസ്ഥാപനങ്ങളും 1.10.2018 ന് ശേഷം ഒറ്റ കോൺട്രാക്റ്റിൽ 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% GST(GST-TDS) കുറവ് ചെയ്യണമെന്ന് CBEC സർക്കുലർ നം.65/39/18 DOR dated 14.9.2018 ൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രോജക്റ്റിന്റെ പ്രവൃത്തി പൂർത്തിയാക്കിയത് 4.02.2019നാണ്. ബില്ലിൽ നിന്നും സ്രോതസ്സിൽ 2% GST കുറവ് ചെയ്തിട്ടില്ല.

4) കരാറുകാരന് നൽകിയ ആദ്യപാർട്ട് ബില്ലിൽ നിന്നും ഈടാക്കിയ 10% റിടെൻഷൻ തുകയായ 1,38,309/- രൂപ

തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി 12.4.2019 ന് കരാറുകാരന് റിടെൻഷൻ തുക നൽകിയത് കുളം പുനരുദ്ധാരണത്തിനായിലഭിച്ച തുക നിക്ഷേപിച്ച സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നാണ്. ടി തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ തൻവർഷം ചെലവഴിച്ച 3,89,560/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത്രയധികം തുക ചെലവഴിച്ചിട്ടും ക്ഷേത്രാവശ്യങ്ങൾക്ക് ഉപയോഗിച്ച് വന്നിരുന്ന ക്ഷേത്രക്കുളം നിർമ്മാണപ്രവർത്തനങ്ങൾക്ക് ശേഷം ഉപയോഗശൂന്യമായി എന്നത് അത്യന്തം ഗൗരവമായി വീക്ഷിക്കേണ്ടതും പ്രവൃത്തി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ചകൾക്ക് കൂടുതൽ അന്വേഷണത്തിനും ഓഡിറ്റ് ശുപാർശചെയ്യുന്നു.

### 1-36 പഞ്ചായത്ത് ഓഫീസിന് അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ - ജാഗ്രതക്കുറവ് മൂലം ലോകബാങ്ക് വിഹിതം നഷ്ടമായി

269/19 നമ്പരായി പഞ്ചായത്ത് ഓഫീസിന് അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കലിനായി 2018-19 വർഷം 6,68,747/-രൂപ ചെലവഴിച്ചിരുന്നു. പ്രസ്തുത പ്രോജക്ട് 2016-17 വർഷം ലോകബാങ്ക് വിഹിതം 16,67,627/- രൂപ അടങ്കൽ വകയിരുത്തി തയ്യാറാക്കിയതായിരുന്നു. ടെൻഡർ നടപടികൾ സ്വീകരിച്ച് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ജയിൻ പി.ജോർജ്ജുമായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. ടെൻഡർ നോട്ടീസ് പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. 7.3.2017 ന് കരാർ വച്ച(നം.93/AE/LSGD/ARKM)പ്രസ്തുത പ്രോജക്ടിന് 23.3.2017 ന് ആദ്യ പാർട്ട് ബില്ലായി 4,04,214/- രൂപ നൽകുകയുണ്ടായി.

9/2017ൽ പ്രോജക്ട് കാലാവധി അവസാനിക്കുന്നുവെന്നും ഫ്രണ്ട് ഓഫീസ് സംവിധാനം നിർമ്മിക്കുന്നതിന് വൈസ് പ്രസിഡന്റ് ക്യാബിൻ, നിലവിലെ ഫ്രണ്ട് ഓഫീസ്, എം.എൻ.ആർ.ഇ.ജി.എസ്. ഓഫീസ്, എന്നിവ മാറ്റി സ്ഥലം ഒഴിവാക്കി നൽകാത്തതിനാൽ തുടർ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നുവെന്നും 22.6.2017ൽ കരാറുകാരൻ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ അറിയിച്ചിരുന്നു. എന്നാൽ സ്ഥലം ക്ലിയർ ചെയ്ത് നൽകാതെ കാലതാമസം വരുത്തുകയും 20.9.2017 ലെ കമ്മറ്റി തീരുമാനപ്രകാരം പാർക്കിങ്ങ് സ്ഥലത്ത് മുറി പണിയുക, ഷീ ടോയ് ലറ്റ് സ്ഥാപിക്കുക എന്നിവ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. 27.10.2017 ൽ ഭാഗീകമായ പണികൾ പൂർത്തിയാക്കി അളവുകൾ എടുത്ത് പാർട്ട് ബിൽ തയ്യാറാക്കിയിരുന്നു. എന്നാൽ ബിൽ തുക മാറി നൽകുന്നതിൽ നിർവ്വഹണഉദ്യോഗസ്ഥൻ ന്യായീകരിക്കാനാകാത്ത കാലതാമസം വരുത്തിയിട്ടുണ്ട്. 12.12.2017 ലെ കമ്മറ്റിയോഗത്തിൽ ടൈൽ പാകിയ ഇനത്തിൽ അധികം തുക ബില്ലിൽ വന്നിട്ടുണ്ട് എന്ന് കമ്മറ്റി അംഗങ്ങൾ പരാതി ഉന്നയിച്ചിരുന്നുവെങ്കിലും തുക കരാറുകാരന് മാറി നൽകുവാൻ തീരുമാനമെടുത്തിരുന്നു. എന്നാൽ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. വിഷയം വിജിലൻസ് വകുപ്പിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കായി ഫയൽ കൈമാറുകയും രണ്ടുമാസത്തിനകം തീർപ്പാക്കി തിരികെ ഫയൽ നൽകുകയും ചെയ്തിരുന്നു. 28.3.2018 ൽ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്ത് പ്രകാരം റിക്വിസിഷൻ തുകയായ 6,68,747/-രൂപയുടെ അലോട്ടുമെന്റ് ആവശ്യമുണ്ടെങ്കിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിരുന്നില്ല.

കൃത്യമായ ആസൂത്രണം നടത്തി ലോകബാങ്ക് വിഹിതം പാഴാകാതെ ബിൽ തുക മാറി നൽകുന്നതിന് വേണ്ടത്ര ജാഗ്രത നിർവ്വഹണോദ്യോഗസ്ഥൻ പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. 2017-18 വർഷം 18,01,468/-രൂപ ലോകബാങ്ക് വിഹിതം ചെലവഴിക്കാതെ ലാപ്സായിരുന്നു. 2017-18 ന് ശേഷം ലോകബാങ്ക് വിഹിതം ലഭിക്കുകയില്ലായെന്ന് ബോധ്യമുണ്ടായിരുന്നുവെങ്കിലും ആയത് സമയബന്ധിതമായി ചെലവഴിക്കുന്നതിന് വേണ്ടത്ര ജാഗ്രത പുലർത്തിയില്ലായെന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018-19 വർഷം പ്രോജക്ട് രൂപീകരിച്ച് വികസനഫണ്ടിൽ നിന്നും 6,68,747/-രൂപ ടി പ്രോജക്ടിനായി ചെലവഴിക്കുകവഴി മറ്റ് പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഉപയോഗിക്കാവുന്ന വികസനഫണ്ട് തുക കൂടി നഷ്ടമായ സാഹചര്യമാണുള്ളത്. പദ്ധതിവിഹിതം ലാപ്സാകാതെ ചെലവഴിക്കുവാൻ സാദ്ധ്യമായ എല്ലാ ശ്രമങ്ങളും ഭരണസമിതിയുടെ ഭാഗത്തുനിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്.

### 1-37 മൈത്രാഞ്ചേരി കടിവെള്ളപദ്ധതി- കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേല നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 175/19 |
| അടങ്കൽ | 50,000/- |

| | |
|---|---|
| ചെലവ് | 49,917/- |
| കരാറുകാരൻ | സുനിൽ കെ.എം. |
| കരാർ നം. | 98/AE/LSGD/ARKM/2018-19 തീയതി 1.2.2019 |
| എം ബുക്ക് നം. | 70/18-19 |
| ബിൽ നം. | 78/11.3.2019 |

1) പ്രസ്തുത പ്രോജക്ട് പ്രകാരം പ്രസ്തുത കുടിവെള്ളപദ്ധതിയ്ക്ക് കുളം നിർമ്മിക്കുന്നതിനായി 278.85 m3 മണ്ണ് എക്സ്ക്കവേറ്റ് ചെയ്തിരുന്നു. ഈ രീതിയിൽ കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലനടപടികളിലൂടെ ഗ്രാമപഞ്ചായത്തിന് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) മറുപടിയായി ഖനനം ചെയ്ത മണ്ണിന്റെ 60% പുനരുപയോഗിക്കാവുന്നതാണെന്നും ലഭ്യമായ മുഴുവൻ മണ്ണും കുളത്തിന്റെ സമീപത്ത് സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചു. എന്നാൽ ഖനനം ചെയ്ത മണ്ണിന്റെ 60% മായ 167.31m3 മണ്ണിന്റ മൂല്യനിർണ്ണയം നടത്തി ഓഡിറ്റിൽ അറിയിച്ചതിൽ റോയൽറ്റി തുകയായ RS 45/m3 എന്ന നിരക്കാണ് മൂല്യനിർണ്ണയമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ശരിയല്ല. മണ്ണിന്റ മാർക്കറ്റ് മൂല്യം കണക്കാക്കി ശരിയായ മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്.

2) 13-ാം വാർഷികപദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുവാൻ ഏതൊക്കെ ഇനം പ്രവർത്തികൾ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഉൾപ്പെടുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കുടിവെള്ള ക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇനങ്ങൾ പ്രോജക്ടിലുൾപ്പെടുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ടാങ്ക് നിർമ്മാണം പമ്പിങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈനുകൾ, മോട്ടോർ സ്ഥാപിക്കൽ എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഗ്രാമപഞ്ചായത്ത് തൻവർഷം ഭാഗികമായി മാത്രം കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി തുടർ പ്രവർത്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും 2019-20 വർഷം ആരംഭിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ രേഖാമൂലം ബ്ലോക്ക് പഞ്ചായത്ത് അറിയിപ്പ് നൽകിയിട്ടില്ല. തുടർ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

3) സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 7.1(ബി) പ്രകാരം എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിലുൾപ്പെടുത്തണമെന്നതും പാലിച്ചിരുന്നില്ല. തുടർ പ്രവൃത്തികളിൽ ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-38 തിരുവഞ്ചൂർ എൽ.പി.എസ്. പുനരുദ്ധാരണം- കരാർ വയ്ക്കാൻ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 226/19 |
| അടങ്കൽ | 4,50, 000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ചെലവ് | 3,79,125/-(ബിൽ നം.1/22.05.2018) |
| കരാർ നം. &തീയതി | 63/AE/LSGD/ARKM/17-18 തീയതി 5.10.17 |
| കരാറുകാരൻ | കെ.ആർ.പ്രദീപ് കുമാർ |

തിരുവഞ്ചൂർ എൽ.പി.എസ്. പുനരുദ്ധാരണം എന്ന പ്രോജക്ടിനായി ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിക്കുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശ്രീ.കെ.ആർ.പ്രദീപ് കുമാർ എന്ന കാരാറുകാരന്റെ ടെൻഡർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 25.8.17ന് ടിയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ഉടമ്പടി ഒപ്പുവയ്ക്കാനുള്ള സമയം 14 ദിവസമായിരുന്നു. എന്നാൽ ശ്രീ.കെ.ആർ.പ്രദീപ് കുമാർ കരാർ വെച്ചിരിക്കുന്നത് 5.10.2017നാണ്. അടങ്കൽ തുകയായ 4,50,000/-രൂപയുടെ 1% തുകയായ 4,500/- പിഴയായി ഈടാക്കിയായിരുന്നോ കരാർ ഉടമ്പടിയിലേർപ്പെട്ടത് എന്നത് വിശദീകരണമാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12) മറപടിയായി പിഴതുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിരുന്നു. 4,500/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

### 1-39 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി- സ്പെസിഫിക്കേഷനിൽ അപാകത

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.12 ലെ ഡിബി4-7462/2012/സിഇ തസ്വഭവ കത്തു പ്രകാരം റോഡ് പ്രവൃത്തികൾ ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രൈ റബിൾ പാക്ക് ചെയ്ത അതിന്റെ മുകളിൽ സിമിന്റ് കോൺക്രീറ്റ് റോഡ് ഉണ്ടാക്കുന്ന പ്രവണത ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധവും ടി പ്രവൃത്തിയിൽ വോയിഡ്സ് നല്ലതുപോലെ പായ്ക്ക് ചെയ്യുന്നത് പലപ്പോഴും ബുദ്ധിമുട്ടാണെന്നതിനാൽ ഭാരവാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിന് മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപോകുന്നതിനും ഇടയാകുന്നു.ആയതിനാൽ റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി. സ്പെസിഫിക്കേഷൻ പാലിക്കേണ്ടതും ഐ.ആർ.സി സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത ഡി.ആർ.പായ്ക്കിംഗ് റോഡ് പ്രവൃത്തികളിൽ നിന്നും ഒഴിവേക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി പഞ്ചായത്തിൽ പ്രോജക്ട് നം.99/19 വല്യാമറ്റം പടി നീറിക്കാട് പാടം റോഡ് കോൺക്രീറ്റിങ്ങ് എന്ന പ്രവൃത്തിയ്ക്ക് ഡ്രൈറബിൾ പാക്കിംഗ് ചെയ്തിട്ടുള്ള റോഡിൽ കോൺക്രീറ്റിംഗ് ചെയ്തത് ക്രമപ്രകാരമല്ല. ടി പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തി റോഡ് പ്രവൃത്തികൾ നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-40 വല്യാമറ്റം- നീറിക്കാട് പാടം റോഡ് കോൺക്രീറ്റിങ്ങ് - മണ്ണ് ഫില്ലിങ്ങ് - കൺസോളിഡേഷൻ കുറവ് ചെയ്തില്ല

| | |
|---|---|
| പ്രേജക്ട് നം. | 99/19 |
| അടങ്കൽ | 2,51,010/- |
| ചെലവ് | 2,47,695/- |
| കരാറുകാരൻ | ജിനു ജോർജ്ജ് |
| കരാർ നം. | 12/AE/LSGD/ARKM/2018-19 തീയതി 30.08.2018 |
| എംബുക്ക് നം. | 45/18-19 |
| ബിൽ നം. | 60/19.3.2019 |

പ്രോജക്ട് നം.99/19 പ്രകാരം പ്രസ്തുത റോഡിൽ 49.5m നീളത്തിൽ മണ്ണ് ഫില്ലിങ്ങ് പ്രവർത്തിയ്ക്കായി മണ്ണ് നിറച്ചതിൽ നിന്നും എം ബുക്ക് നം.45/19 പ്രകാരം 10% കൺസോളിഡേഷൻ കുറവ് ചെയ്തിരുന്നില്ല. തൻമൂലം അധികം തുക കരാറുകാരന് നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാമത്തെ ഇനമായി ചെയ്ത മണ്ണ് ഫില്ലിങ്ങ് | 98.64m3 |
| കൺസോളിഡേഷൻ കുറവ് ചെയ്യേണ്ടത് 10% | (-) 9.864 |
| | **88.776m3** |
| നൽകാവുന്നതുക 88.776m3@Rs. 448.57/- | 39,822/- |
| നൽകിയ തുക 98.64m3@ Rs 448.57/ - | 44,246/- |
| അധികം നൽകിയ തുക | **4,424/-** |

വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അധികം നൽകിയ 4,424/- രൂപ കരാറുകാരനിൽ നിന്നോ അളവുകളെടുത്ത ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

### 1-41 സർക്കാർ സ്കൂളുകൾ ഹൈടക് ആക്കൽ- സർക്കാർ ഉത്തരവിൽപ്പെടാത്ത ഉപകരണങ്ങൾ വാങ്ങി

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥയായി സർക്കാർ സ്കൂളുകൾ ഹൈടക് ആക്കൽ-ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽപ്പെടുത്തി സർക്കാർ ഉത്തരവിൽപ്പെടാത്ത ഉപകരണങ്ങൾ വാങ്ങിയതായി കാണുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 11/19 സർക്കാർ സ്കൂളുകൾ ഹൈടക് ആക്കൽ |
| നിർവ്വഹണോദ്യോസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 32,00,000/-<br>30,00,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)<br>2,00,000/-(തനത് ഫണ്ട്) |
| ചെലവ് | 22,23,700/-<br>20,24,900(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)<br>1,98,800(തനത് ഫണ്ട് |

| **ഇൻവോയ്സ് നം.** | **ബിൽ നം.** | **തുക** |
|---|---|---|
| RJE00937/04.03.19 | 10/18-19/21.03.19 | 86,000/- |
| RJE00936/04.03.19 | 11/18-19/21.03.19 | 86,000/- |
| RJE00935/04.03.19 | 12/18-19/21.03.19 | 86,000/- |
| RJE00934/04.03.19 | 13/18-19/21.03.19 | 86,000/- |
| RJE00933/04.03.19 | 14/18-19/21.03.19 | 86,000/- |
| RJE00938/04.03.19 | 15/18-19/21.03.19 | 86,000/- |
| RJE00946/05.03.19 | 16/18-19/21.03.19 | 86,000/- |
| RJE00949/05.03.19 | 17/18-19/21.03.19 | 86,000/- |
| RJE00950/05.03.19 | 18/18-19/21.03.19 | 86,000/- |
| RJE00951/05.03.19 | 19/18-19/21.03.19 | 86,000/- |
| RJE1002/16.03.19 | 20/18-19/21.03.19 | 86,000/- |
| RJE1005/16.03.19 | 21/18-19/21.03.19 | 86,000/- |
| RJE00931/16.03.19 | 22/18-19/21.03.19 | 86,000/- |
| RJE1044/21.03.19 | 25/18-19/26.03.19 | 14,000/-(wall speaker) |
| RJE1042/21.03.19 | 26/18-19/26.03.19 | 7,499/--(microphone&stand) |
| RJE1040/21.03.19 | 27/18-19/26.03.19 | 86,800/(2 no-LED TV) |
| RJE1003/16.03.19 | ചെക്ക് നം.SB/XY2796245/25.03.19 | 86,800/-(2 no -LED TV) |
| RJE1004/16.03.19 | ചെക്ക് നം.SB/XY2796244/25.03.19 | 86,800/-(2 no -LED TV) |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഗവ.എൽ.പി. സ്കൂൾ തിരുവഞ്ചൂർ, ഗവ.എൽ.പി. സ്കൂൾ അയർക്കുന്നം, ഗവ.യു.പി.എസ്. ആറുമാനൂർ എന്ന 3 സർക്കാർ സ്കൂളുകൾ ഹൈടക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽതുക ചെലവഴിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ തുക ക്വോട്ടു ചെയ്ത ആർ.ജെ എന്റർപ്രൈസസ്, കളത്തിപ്പടി, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06.01.18 ലെ സ.ഉ.(സാധാ)നം.97/18 ഉത്തരവിലെ മാർഗ നിർദ്ദേശപ്രകാരമാണ് സാധനങ്ങൾ വാങ്ങേണ്ടിയിരുന്നത്.

**1.** **<u>ഇന്ററാക്ടീവ് ഡിജിറ്റൽ പോഡിയം</u>**

86,000/- രൂപ നിരക്കിൽ 13 പോഡിയങ്ങൾ വാങ്ങിയിട്ടുണ്ട്. മേൽ ഉത്തരവിൽ ടി ഉപകരണം വാങ്ങാൻ നിർദ്ദേശിക്കുന്നില്ല. പോഡിയം പ്രവർത്തന സജ്ജമാകണമെങ്കിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്. എന്നാൽ ബ്രോഡ് ബാന്റ് ഇന്റർ നെറ്റ് കണക്ഷൻ എടുത്തിട്ടില്ല.

## 2. LED smart tv 50 inches

43,400/- നിരക്കിൽ 6 എൽ.ഇ.ഡി ടി.വി.കൾ വാങ്ങിയിട്ടുണ്ട്. ഇതു വാങ്ങാൻ മൾട്ടി മീഡിയ പ്രൊജക്റ്റർ @23,260/- (പരമാവധി)എന്ന നിരക്കിൽ വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

### 3. വോൾ സ്പീക്കർ

14,000/-രൂപ നിരക്കിൽ ഒരെണ്ണം വാങ്ങിയിട്ടുണ്ട്.

USB speaker@770(പരമാവധി)എന്ന നിരക്കിൽ വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്

### 4. മൈക്രോഫോൺ, എം.ഐ.സി സ്റ്റാൻഡ്& വയർലെസ്സ് എം.ഐ.സി

@7,499/- രൂപ നിരക്കിൽ ഒരെണ്ണം വാങ്ങിയിട്ടുണ്ട്. ഉത്തരവിൽ ടി ഉപകരണം വാങ്ങാൻ നിർദ്ദേശിക്കുന്നില്ല.

സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഉപകരണങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.20 നല്കി. സമൂഹത്തിലെ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ കൂടുതൽ ആകർഷകവും സൗകര്യപ്രദവും ആക്കുക എന്ന നല്ല ഉദ്ദേശത്തോടെയാണ് ടി പ്രോജക്ട് നടപ്പാക്കിയത് എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിരുന്നു. പ്രൊജക്റ്ററുകൾ ക്ലാസ് മുറിയിലെ ചൂട് വർദ്ധിപ്പിക്കുന്നതിനാലാണ് ടി.വി. വാങ്ങിയത്. വോൾ സ്പീക്കർ മൈക്രോഫോണുകൾ എന്നിവ സ്കൂളിലെ മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടും എന്നതുകൂടി കണക്കിലെടുത്താണ് വാങ്ങിയത്. പോഡിയം ഉപയോഗിക്കാൻ സൗകര്യപ്രദമാണ് എന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്. മാർഗനിർദ്ദേശത്തിൽ പെടാത്ത ടി ഉപകരണങ്ങൾക്കായി 13,99,899/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ 13,99,899/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-42 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ(ഷി പാഡ്)-നിരക്ക് കണക്കാക്കി തുക നൽകിയതിൽ അവ്യക്തത

| | |
|---|---|
| പ്രോജക്ട് നം. | 52/19 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ(ഷി പാഡ്) |
| നിർവ്വഹണോദ്യോസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 4,80,000/- |
| ചെലവ് | 3,99,912/-(വികസനഫണ്ട്) |
| ബിൽ നം. | 7/18-19/28.01.19 |

കേരളസംസ്ഥാന വനിതാവികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച ഇൻവോയിസ് പ്രകാരം സാനിട്ടറി നാപ്കിനുകൾക്ക് പായ്ക്കറ്റ് ഒന്നിന് 16.71 രൂപനിരക്കിൽ 18840 പാക്കറ്റുകൾക്ക് 3,14,816 രൂപ, 2 അലമാരകൾക്ക് 17,380 രൂപ നിരക്കിൽ 34,760 രൂപ, 2 ഇൻസിനറേറ്ററുകൾക്ക് 25,168 രൂപ നിരക്കിൽ 50,336 രൂപ എന്നിങ്ങനെ ആകെ 3,99,912/-രൂപ കേരളസംസ്ഥാന വനിതാ വികസന കോർപ്പറേഷന് പ്രസ്തുത പ്രോജക്ട് പ്രകാരം നൽകിയിരുന്നു. പാക്കറ്റ് ഒന്നിന് 15.19/- രൂപ നിരക്കിൽ HLL Life care Ltd ന്റെ 22.01.19 ലെ 94700000040-65,94700000040-67, 94700000040-68 ഇൻവോയ്സുകൾപ്രകാരം 6960 പായ്ക്കറ്റുകളും, 04.04.19 ലെ 9470000110-3, 9470000110-4, 9470000110-6 എന്നീ ഇൻവോയിസുകൾ പ്രകാരം 1125 പാക്കറ്റുകളും ലഭിച്ചിട്ടുണ്ട്. ലഭ്യമായ ഇൻവോയ്സുകൾ പ്രകാരം 1,22,811.15 രൂപ നാപ്കിനായി മാത്രം ചെലവായിയിട്ടുണ്ട്. 1,92,004.5 രൂപയുടെ നാപകിനുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു എന്ന് കാണുന്നു. അലമാരകൾ, ഇൻസിനറേറ്ററുകൾ, എന്നിവ 2 സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ ലഭ്യമല്ലാത്തതിനാൽ ഇതിനായി ചെലവായ തുകയുടെ വിവരങ്ങൾ

ലഭ്യമല്ല. ആയതിനാൽ ഒടുക്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.14) നല്കിയിരുന്നു. വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 7 സ്കൂളുകൾക്ക് 18840 പായ്ക്കറ്റ് നാപ്കിനുകൾ നല്കിയിട്ടുള്ളതായും ആയതിന് 3,14,816 രൂപ വിനിയോഗിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2 അലമാരകൾക്ക് 17,380 രൂപ നിരക്കിൽ 34,760 രൂപയും, 2 ഇൻസിനറേറ്ററുകൾക്ക് 25,168 രൂപ നിരക്കിൽ 50,336 രൂപയും വിനിയോഗിച്ചതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സാക്ഷ്യപത്ര പ്രകാരം ഒടുക്കിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. ലഭ്യമായ ഇൻവോയ്സുകൾ പ്രകാരം നാപ്കിൻ വില പാക്കറ്റ് ഒന്നിന് 15.19 രൂപയാണ്. ആയത് പ്രകാരം 18840 നാപ്കിനുകൾക്ക് വിനിയോഗിക്കേണ്ട തുക 2,86,179.6 രൂപയാണ്. ബാക്കി തുകയായ 28,636.4/-(314816-286179.6) വിനിയോഗിക്കപ്പെട്ടത് എപ്രകാരമാണെന്ന് വ്യക്തമല്ല. ബാക്കി തുകയ്ക്ക് നാപ്കിനുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഹാജരാക്കുന്നത് വരെ അധികമായി നിലനിൽക്കുന്ന 28,636.4 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-43 കാർഷിക യന്ത്രവത്ക്കരണത്തിലൂടെ സ്വയം തൊഴിൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ കാർഷികയന്ത്രവത്ക്കരണത്തിലൂടെ സ്വയംതൊഴിൽ എന്ന പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0274/18-19 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 46,000 |
| തനത് ഫണ്ട് | 150 |
| **ആകെ** | **46,150** |
| ചെലവ് | ബിൽ നം.19/18-19/23.02.19-9,000/-<br>ബിൽ നം.14/18-19/23.02.19-36,451/- |

പ്രസ്തുത പ്രോജക്ട് പ്രകാരം ശ്രീമതി ഓമന രാജപ്പൻ ചിറയിൽ പടിക്കൽ എന്ന വ്യക്തിക്ക് തെങ്ങുകയറ്റ യന്ത്രം, ബ്രഷ് കട്ടർ എന്നീ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 36,451/- രൂപയും പരിശീലനത്തിനായി 9,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-19ലെ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)22/18 തസ്വഭവ തീയതി 14.2.2018 പ്രകാരം കാർഷികോപകരണങ്ങൾ സംഘങ്ങൾക്കും സമിതികൾക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും സബ് സിഡി തുക പരമാവധി 90% മാത്രമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ ആകെ ചെലവഴിച്ച തുകയുടെ 90% (45451x90%=40,906/-) തുകയ്ക്ക് മാത്രമാണ് സർക്കാർ ഫണ്ട് അനുവദിക്കാവുന്നത്. അധികം തുകയായി 45451-40906=4,545/- രൂപ ചെലവഴിച്ചത് നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ സബ്സിഡി മാർഗ്ഗരേഖപ്രകാരം കാർഷികോപകരണങ്ങൾ, പ്രാദേശിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവയക്ക് നൽകാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. വ്യക്തികൾക്ക് നൽകാൻ പാടില്ല എന്ന് 2018-19 വർഷത്തേയ്ക്കുള്ള മാർഗ രേഖ നിർദ്ദേശിക്കുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സംഘങ്ങൾ/സമിതികൾ എന്നിവയ്ക്ക് നൽകുന്നതിന് പകരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16) ഊരുകൂട്ടസമിതിക്കാണ് നൽകിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഊരുകൂട്ടത്തിൽ പ്രത്യേകസമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമായില്ല. നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 40,906 രൂപ തടസ്സപ്പെടുത്തുന്നു.

### 1-44 തെങ്ങിന്റെ രോഗനിവാരണം- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ തെങ്ങിന്റെ രോഗനിവാരണം എന്ന പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 082-18-19 |
| | 3,43,650 |
| ചെലവ് | ബിൽ നം.04/18-19/27.11.18-52,568<br>ബിൽനം.26/28-29/23.03.19-37,615 |
| ഗുണഭോക്തൃ വിഹിതം | 17,775 |

സർക്കാർ ഉത്തരവ്(കൈ)നം.22/2018/തസ്വഭവ തീയതി 14.2.18 പ്രകാരം തെങ്ങിന്റെ മുകൾ ഭാഗം തെളിച്ച് രോഗപ്രതിരോധമരുന്നുകൾ ഇട്ടുകൊടുക്കുക എന്നതിനായി രോഗപ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ രോഗപ്രതിരോധമരുന്നുകൾ ഏതളവിൽ ഉപയോഗിച്ചു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) മറുപടിക്ക് വിതരണം ചെയ്ത മരുന്നുകളുടെ അളവും തെങ്ങുകളുടെ എണ്ണവും ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും കൃത്യതയോടെ വിതരണം ചെയ്തതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധനക്കുവാൻ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഒരു തെങ്ങ് വെട്ടിത്തെളിച്ച് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം ആകെ 737 രൂപ നിരക്കിൽ ആകെ 73,700 രൂപ ജോസഫ് എം.യു. മൺതോട്ടത്തിൽ എന്ന വ്യക്തിക്ക് നൽകിയിരുന്നു. എന്നാൽ ടി പ്രവർത്തി ക്വട്ടേഷൻ വിളിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നയാൾക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ മരുന്നു തളിക്കൽ നടത്തുന്നതിന് ഹരിതതീരം നാളികേര വികസന സൊസൈറ്റിക്ക് തുക കൈമാറിയെന്നും സൊസൈറ്റിയാണ് തൊഴിലാളിയെ കണ്ടെത്തി മരുന്നു തളിക്കൽ നടത്തിയെന്നുമുള്ള മറുപടിയാണ് കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ച് കൃത്യതയോടുകൂടി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-45 മാതൃകാ തേനീച്ചത്തോട്ട പ്രദർശനവും കൃഷിയിട പള്ളിക്കൂടവും-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാതൃകാ തേനീച്ചത്തോട്ട പ്രദർശനവും കൃഷിയിട പള്ളിക്കൂടവും എന്ന പ്രോജക്ട് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0238/2018 |
| ആകെ അടങ്കൽ(സ്പിൽ ഓവർ പ്രോജക്ട്) | 2017-18 - 55,500<br>2018-19 - 6,875<br>ആകെ = 62,375 |
| ചെലവ് | 2017-18 - 55,500/-ബിൽ നം.16/18/09.03.18<br>2018-19 - 4,881/-ബിൽ നം.31/19/23.03.19 |

2017-18 വർഷം ആരംഭിച്ച ടി പദ്ധതി കർഷകർ അടങ്ങുന്ന സംഘം രൂപീകരിച്ച് ഹോർട്ടികോർപ്പ് വഴി പരിശീലനം നൽകി മാതൃകാതേനീച്ച തോട്ട നിർമ്മാണവും തേൻ സൊസൈറ്റി രൂപീകരണവുമാണ് വിഭാവനം ചെയ്തിരുന്നത്. 2017-18 സാമ്പത്തിക വർഷം 55,500 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് 2017-18 വർഷത്തെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കർഷകസംഘം രൂപീകരിക്കുക, തെരഞ്ഞെടുത്ത കർഷകന്റെ സ്ഥലത്ത് മാതൃകാ തോട്ടം സ്ഥാപിക്കുന്നതിന് തേനീച്ച കോളനികൾ വാങ്ങുക, തേൻ സൊസൈറ്റി രൂപീകരിക്കുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. 2018-19 സാമ്പത്തിക വർഷം പരിശീലനത്തിനായി 4,881 രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള മാതൃകാ തേനീച്ച തോട്ട പ്രദർശനവും കൃഷിയിട പള്ളിക്കൂടവും ഏത് ഘട്ടം വരെ എത്തി എന്നത് സംബന്ധിച്ച് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13)നൽകിയതിന് മറുപടിയായി മാതൃകാ തേനീച്ച ഫാമിലേക്കും പ്രദർശന തോട്ടത്തിലേക്കും ആവശ്യമായ തേനീച്ച കോളനികളും മറ്റും വാങ്ങിയിട്ടുണ്ടെന്നും മധുരിമ തേനീച്ച സംഘം എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം 55,500 രൂപയും, 2018-19 വർഷം 4,881 രൂപയും ഉൾപ്പെടെ 60,381/-രൂപ ചെലവഴിച്ച വിവരം മാത്രമെ ഫയൽ പ്രകാരമുള്ളൂ. തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 4,881/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-46 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2017-18 വർഷം പ്രോജക്ട് തയ്യാറാക്കുകയും 2018-19 വർഷവും സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0236/19(സ്പിൽ ഓവർ) |
| ആകെ അടങ്കൽ | 2,50,000 |
| തൻവർഷ ചെലവ് | 35,060/- |
| ബിൽ നമ്പർ | 29/18-19/23.03.19 |

സ്പിൽഓവർ പദ്ധതിയായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വേണ്ടി നാളിതുവരെ 1,79,668 രൂപ ചെലവഴിച്ചിട്ടുണ്ട്. 1,44,608 രൂപ 2017-18 സാമ്പത്തിക വർഷം കേരള ഭൂ വിനിയോഗ ബോർഡിൽ കൈമാറിയിട്ടുണ്ട്. തൻ വർഷം നീർത്തട മാസ്റ്റർ പ്ലാൻ സർവ്വേ നടത്തുന്നതിലേക്കായി 7 പേർക്കായി 35,060/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നീർത്തട മാസ്റ്റർ പ്ലാൻ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തൻവർഷം ചെലവഴിച്ച 35,060/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-47 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 64/19 പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി |
| അടങ്കൽ | 4,00,000/ |
| ചെലവ് | 4,00,000/- |

പാലിയേറ്റീവ് കെയർ പ്രോജക്ടിനായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് താഴെപറയുന്ന പ്രകാരമുള്ള തുക കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്.

| പ്രോഫോമ ഇൻവോയ്സ് നം. | തുക | ബിൽ നം. |
|---|---|---|
| PRF1555/06.10.18 | 1,00,000/- | 4/18-19/23.10.18 |

എന്നാൽ നാളിതുവരെ 88,147/- രൂപയുടെ ഉപകരണങ്ങൾ മാത്രമെ ലഭിച്ചിട്ടുള്ളു എന്ന് കാണുന്നു. 11,853/-രൂപയുടെ ഉപകരണങ്ങൾ ലഭിക്കാനുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.4) മറുപടിയായി ലഭിക്കാനുള്ള മരുന്ന് ഉടനടി ലഭ്യമാക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്നതുവരെ 11,853/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-48 ടാപ്പുഴ കുടിവെള്ള പദ്ധതി- പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ- സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 23/19- ടാപ്പുഴ കുടിവെള്ള പദ്ധതി- പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 4,40,000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>5,10,000- തനത് ഫണ്ട് |
| ചെലവ് | 4,40,000-(ബിൽ നം.22/28.12.2018)<br>1,50,000(ചെക്ക് നം.903373, 08.03.2019) |

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേരള ജല അതോറിറ്റിയുടെ ടാപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ മെയിന്റനൻസും ദീർഘിപ്പിക്കലും എന്ന പ്രവൃത്തിക്കായി 9,50,000 രൂപ കേരള ജല

അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കേരള ജല അതോറിറ്റിയുമായുള്ള 26.03.2019ലെ കരാർ നം.42(ബി)യിൽ തുക നിക്ഷേപിച്ച തീയതി മുതൽ 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ നൽകുമെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.24) പ്രവൃത്തി പൂർത്തിയായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവായ 5,90,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-49 കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല

1.

| | |
|---|---|
| പ്രോജക്റ്റ് നം. | 49/19 കന്നുകുട്ടി പരിപാലനപദ്ധതി(FULL COST) |
| നിർവ്വഹണോദ്യോസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 20,00,000/- |
| ചെലവ് | 10,00,000/- |
| ബിൽ നം. | 1/18-19/08.11.18 |

80 ഗുണഭോക്താക്കൾക്ക് 12,500/ -രൂപാ നിരക്കിൽ ആകെ തുകയായ 10,00,000/-രൂപാ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് നല്കിയിട്ടുണ്ട്. 3,73,370/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 6,26,630 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റ് നം. | 48/19 കന്നുകുട്ടി പരിപാലനപദ്ധതി |
| നിർവ്വഹണോദ്യോസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |
| ബിൽ നം. | 3/18-19/13.12.18 |

80 ഗുണഭോക്താക്കൾക്ക് 6,250/ -രൂപാ നിരക്കിൽ ആകെ തുകയായ 5,00,000/-രൂപാ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5) നല്കിയിരുന്നു. ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-50 ലൈഫ് ഭവനനിർമ്മാണം-ഭവനനിർമ്മാണം പൂർത്തീകരിക്കണം

1.

| | |
|---|---|
| പ്രോജക്റ്റ് നം. | 244/19 ലൈഫ് ഭവനനിർമ്മാണം(ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 1,00,00,000/- |
| ചെലവ് | 64,20,000/- |

'ടി പ്രോജക്റ്റ് പ്രകാരം ഭവനനിർമാണത്തിനായി കരാർ വെച്ച 25 ഗുണഭോക്താക്കളിൽ 24 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി താഴെപറയുന്ന 1 ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തികരിക്കാനുണ്ട്

| ക്രമ നം. | ഗുണഭോക്താവ് | നാളിതുവരെ ലഭിച്ച തുക | ആദ്യഗഡു ലഭിച്ച തീയതി | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | ലളിതമ്മ, മുരപ്പേൽ | 2,00,000/- | 12.03.19 | ലിന്റൽ ലെവൽ |

മേൽ പ്രസ്താവിച്ച ഗുണഭോക്താവിന് ബാക്കി തുക അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്

2.

| | |
|---|---|
| പ്രോജക്റ്റ് നം. | 245/19 ലൈഫ് ഭവനനിർമ്മാണം(എസ്.സി.) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 24,75,311/- |
| ചെലവ് | 20,00,000/- |

'ടി പ്രോജക്റ്റ് പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വെച്ച 6 ഗുണഭോക്താക്കളിൽ 5 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി താഴെപറയുന്ന 1 ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തികരിക്കാനുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | നാളിതുവരെ ലഭിച്ച തുക | ആദ്യഗഡു ലഭിച്ച തീയതി | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|---|
| 1. | സതീഷ് പുതുപ്പറമ്പിൽ ഹൗസ്, തിരുവഞ്ചൂർ പി.ഒ., അയർക്കുന്നം | 2,00,000/- | 27.03.19 | ലിന്റൽ ലെവൽ |

മേൽ പ്രസ്താവിച്ച ഗുണഭോക്താവിന് ബാക്കി തുക അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

### 1-51 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായുള്ള കുടിവെള്ള വിതരണം- നടപടിക്രമങ്ങളിലെ അപാകത ബോധ്യപ്പെടുത്താതെ സർക്കാരിന്റെ ചെലവനുവാദം നേടി

ഗ്രാമപഞ്ചായത്തിൽ വരൾച്ചയുമായി ബന്ധപ്പെട്ട് 2019 വർഷം വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് ചെലവായ 6,00,750 രൂപയ്ക്ക് സ.ഉ(സാധാ)നം.421/2019/ത.സ്വ.ഭ.വ പ്രകാരം സാധൂകരണം ലഭിച്ചിരുന്നു(2017-18 സാമ്പത്തിക വർഷം ചെലവാക്കിയ 97,200 രൂപയും ബാക്കി നൽകാനുണ്ടായിരുന്ന 5,03,550 രൂപയും). ബാക്കി നൽകാനുണ്ടായിരുന്ന 5,03,550 രൂപ തൻവർഷം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കിയപ്പോൾ നടപടിക്രമങ്ങളിൽ ചില അപാകതകൾ ഉണ്ടായിരുന്നു. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത അപാകങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്താതെയാണ് ചെലവനുവാദം നേടിയതെന്ന് കാണുന്നു. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ക്വട്ടേഷൻ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 5000 ലിറ്ററിന് 1,350 രൂപ എന്ന നിരക്ക് ക്വാട്ട് ചെയ്ത ജെയ്മോൻ എബ്രഹാം എന്ന വ്യക്തിക്കായിരുന്നു ക്വട്ടേഷൻ നൽകിയത്. എന്നാൽ തുടർന്ന് എല്ലാ വാർഡിലും കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ലായെന്ന് ടിയാൻ അറിയിക്കുകയും 1 മുതൽ 10 വരെ വാർഡുകളിൽ മാത്രം വിതരണം ചെയ്യുവാൻ ടിയാനുമായി കരാർ വെക്കുകയും 11 മുതൽ 20 വരെ വാർഡുകളിലെ കുടിവെള്ള വിതരണച്ചുമതല ജെയ്മോൻ എബ്രഹാമുമായി അംഗീകരിച്ച നിരക്കിൽ ബിബിൻ എബ്രഹാം എന്ന മറ്റൊരു വ്യക്തിയെ ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് പ്രവൃത്തി പൂർത്തിയാക്കാതെ ടിയാനും നിർത്തിപ്പോയതിനെ തുടർന്ന് ബാക്കി കുടിവെള്ള വിതരണം ഇതേ നിരക്കിൽ നടത്തിയത് എബ്രഹാം കെ.ജോർജ്ജ് എന്ന വ്യക്തിയായിരുന്നു(ജെയ്മോൻ എബ്രഹാം-213 ലോഡ്, ബിബിൻ എബ്രഹാം-17 ലോഡ്, എബ്രഹാം കെ.ജോർജ്ജ്-215 ലോഡ് എന്നിങ്ങനെ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്.) പുതിയ ക്വട്ടേഷൻ ക്ഷണിക്കാതെ ആദ്യം അംഗീകരിച്ച നിരക്കിൽ മറ്റ് രണ്ട് വ്യക്തികൾക്ക് കുടിവെള്ളം വിതരണം നടത്തിയത് ക്രമപ്രകാരമല്ല. ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ പ്രവൃത്തി ആയതിനാൽ പ്രസ്തുത വ്യക്തികൾക്ക് ചെലവ് തുക നൽകുവാൻ നടപടിയെടുത്ത 10.04.2018ലെ 32(1) നമ്പർ കമ്മിറ്റി തീരുമാനത്തിൽ 2 മെമ്പർമാർ വിയോജനം രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത ചെലവിന്റെ സാധൂകരണത്തിനായി 23.06.2017ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്തിൽ ക്വട്ടേഷൻ നടപടിക്രമം പാലിച്ച് ജയ്മോൻ എബ്രഹാമിന് കുടിവെള്ള വിതരണത്തിനുള്ള കരാർ നൽകിയിരുന്നുവെന്നും എന്നാൽ വർദ്ധിച്ച തോതിലുള്ള വരൾച്ചയെ മുൻനിർത്തി ഇ-ടെൻഡർ നടപടിക്രമം പാലിക്കാതെ മുഴുവൻ വാർഡിലും ടിയാനെക്കൊണ്ട് കുടിവെള്ള വിതരണം നടത്തിയെന്നും

ആയതിനാൽ ടി ചെലവിനുള്ള അനുമതി നൽകണമെന്നമാണ് അപേക്ഷിച്ചിരുന്നത്. ചെലവിന് സാധൂകരണം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ടി കത്താണ് പരാമർശിച്ചിട്ടുള്ളതെന്നതിനാൽ ക്വട്ടേഷൻ നടപടിക്രമങ്ങളിലെ മറ്റ് അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല. ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങളിന്മേൽ രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ-ഇല്ല

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കാർഷിക യന്ത്രവത്ക്കരണത്തിലൂടെ സ്വയം തൊഴിൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ ടി പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0274/18-19 |
| വികസന ഫണ്ട്(റ്റി.എസ്.പി) | 46,000 |
| തനത് ഫണ്ട് | 150 |
| **ആകെ** | **46,150** |
| ചെലവ് | ബിൽ നം.19/18-19/23.02.19 - 9,000/-<br>ബിൽ നം.14/18-19/23.02.19 - 36,451/- |

പ്രസ്തുത പ്രോജക്ട് പ്രകാരം ശ്രീമതി ഓമന രാജപ്പൻ ചിറയിൽ പടിക്കൽ എന്ന വ്യക്തിക്ക് തെങ്ങുകയറ്റ യന്ത്രം, ബ്രഷ് കട്ടർ എന്നീ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 36,451/- രൂപയും പരിശീലനത്തിനായി 9,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-19ലെ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)22/18 തസ്വഭവ തീയതി 14.2.2018 പ്രകാരം കാർഷികോപകരണങ്ങൾ സംഘങ്ങൾക്കും സമിതികൾക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും സബ്സിഡി തുക പരമാവധി 90% മാത്രമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ ആകെ ചെലവഴിച്ച തുകയുടെ 90% (45451x90%=40,906/-) തുകയ്ക്ക് മാത്രമാണ് സർക്കാർ ഫണ്ട് അനുവദിക്കാവുന്നത്. അധികം തുകയായി 45451-40906=4,545/- രൂപ ചെലവഴിച്ചത് നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 വല്യാമറ്റം- നീറിക്കാട് പാടം റോഡ് കോൺക്രീറ്റിങ്ങ് - മണ്ണ് ഫില്ലിങ്ങ് - കൺസോളിഡേഷൻ കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | 99/19 |
| അടങ്കൽ | 2,51,010/- |
| ചെലവ് | 2,47,695/- |
| കരാറുകാരൻ | ജിനു ജോർജ്ജ് |
| കരാർ നം. | 12/AE/LSGD/ARKM/2018-19തീയതി 30.08.2018 |

| | |
|---|---|
| എംബുക്ക് നം. | 45/18-19 |
| ബിൽ നം. | 60/19.3.2019 |

പ്രോജക്ട് നം.99/19 പ്രകാരം പ്രസ്തുത റോഡിൽ 49.5m നീളത്തിൽ മണ്ണ് ഫില്ലിങ്ങ് പ്രവൃത്തിയ്ക്കായി മണ്ണ് നിറച്ചതിൽ നിന്നും എം ബുക്ക് നം.45/19 പ്രകാരം 10% കൺസോളിഡേഷൻ കുറവ് ചെയ്തിരുന്നില്ല. തൻമൂലം അധികം തുക കരാറുകാരന് നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാമത്തെ ഇനമായി ചെയ്ത മണ്ണ് ഫില്ലിങ്ങ് | 98.64m3 |
| കൺസോളിഡേഷൻ കുറവ് ചെയ്യേണ്ടത് 10% | (-) 9.864 |
| | 88.776m3 |
| നൽകാവുന്നതുക 88.776m3@Rs. 448.57/- | 39,822/- |
| നൽകിയ തുക 98.64m3@ Rs 448.57/ - | 44,246/- |
| അധികം നൽകിയ തുക | 4,424/- |

വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അധികം നൽകിയ 4,424/- രൂപ കരാറുകാരനിൽ നിന്നോ അളവുകളെടുത്ത ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

### 3-3 ലോഗ് ബുക്ക് ലഭ്യമല്ലാത്ത കാലയളവിൽ ഇന്ധനത്തിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

അയർക്കുന്നം ഗ്രാമപഞ്ചായത്ത് വക കെഎൽ5-എഡി 8120 നമ്പർ ബൊലേറൊ ജീപ്പിന്റെ പരിപാലനം സംബന്ധിച്ച് അപാകതകൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-5 ആയി ഉൾപ്പെടുത്തിയിരുന്നു. 03.02.2018ന് ശേഷമുള്ള ലോഗ് ബുക്ക് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ഡ്രൈവർ ശ്രീ.ശ്രീകുമാർ ആയത് ഹാജരാക്കിയിട്ടില്ലെന്നും ഇന്ധന ഇൻഡന്റ് വ്യാജമായി നിർമ്മിച്ച് ക്രമക്കേടുകൾ നടത്തിയത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്തെന്നും ആയത് പോലീസ് കേസിൽ എത്തിനിൽക്കുകയാണെന്നും സെക്രട്ടറി അറിയിച്ചതായും ടി ഖണ്ഡികയിൽ പരാമർശിച്ചിരുന്നു. സസ്പെൻഷനിലായ ഡ്രൈവർക്ക് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർ ജോലിയിൽ പ്രവേശിച്ച 26.06.2018 മുതലാണ് പുതിയ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. എന്നാൽ 2018-19 വർഷത്തെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ലോഗ് ബുക്ക് ലഭ്യമല്ലാതിരുന്ന 04/2018, 05/2018 മാസങ്ങളിൽ വാഹനത്തിൽ ഇന്ധനം നിറച്ചതിന് അയർക്കുന്നം ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന് ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുള്ളതായി കണ്ടു.

| ഏജൻസിയുടെ ബിൽ നം., തീയതി | ക്ലയിം ചെയ്ത തുക, നിറച്ചതായി ബില്ലിൽ രേഖപ്പെടുത്തിയ അളവ് | പഞ്ചായത്തിന്റെ ഇൻഡന്റ് നം. തീയതി | ഇൻഡന്റ് പ്രകാരമുള്ള ഇന്ധന അളവ്(ലിറ്റർ) | ചെലവിന്റെ വിവരം- ചെക്ക് നം., തീയതി |
|---|---|---|---|---|
| 1965, 03.04.2018 | 11738 രൂപ, 174.01 ലിറ്റർ | 39129, 06.03.2018 | 20 | 105026, 10.04.2018 |
| | | 39130, 07.03.2018 | 56 | |
| | | 39131,12.03.2018 | 47.01 | |
| | | 39132, 23.03.2018 | 51 | |
| | | **ആകെ** | **174.01** | |
| 124, 17.05.2018 | 9811 രൂപ, 140.02 ലിറ്റർ | 39133, 03.04.2018 | 53.99 | 105059, 08.05.2018 |
| | | 39134, 21.04.2018 | 33.03 | |
| | | 39135, 30.04.2018 | 53 | |
| | | **ആകെ** | **140.02** | |

നിയന്ത്രണോദ്യോഗസ്ഥൻ ഇന്ധനത്തിന്റെ ഉപയോഗത്തിനുള്ള ചെലവിന്റെ കണ്ടിൻജന്റ് ബില്ലുകളിൽ വാങ്ങിയ പെട്രോളിന്റെ അളവ് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും ഇത്തരത്തിലൊരു രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി കൃത്യമായ പരിശോധന നടത്താതെയാണ് ഇന്ധനം നിറച്ചതിന്റെ ചെലവ് അനുവദിച്ചിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 06.03.2018ലെ 39129 നമ്പർ ഇൻഡന്റിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ മേൽ പരാമർശിത ചെലവുകൾ അംഗീകരിക്കുന്നില്ല. ടി കാലയളവിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിനായി ചെലവഴിച്ച 21,549(11738+9811) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019-25.05.2019 | കെ.എസ്.എ-കെ.ടി.എം.പി-2/766/2019, 03.06.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(*) വാർഷിക ധനകാര്യ പത്രിക ആർ പി-31 ഷെഡ്യൂൾ പ്രകാരമുള്ള വരവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ സംബന്ധിച്ച കൃത്യമായ വിവരണം സംയുക്ത പ്രോജക്ടുകളുടെ ശീർഷകങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലും ബാങ്ക് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകകളാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരവും ലഭ്യമല്ല. ഈയിനത്തിലുള്ള തുകകൾ ചെലവഴിച്ച ശേഷം ടി തുകകൾ റവന്യൂ വരവായി മാറ്റിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല(ബി-4 ഷെഡ്യൂൾ).

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 14,09,135(*) | 375000 | 03/19-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,75,000 | |
| „ | | 283575 | 34/19-ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് | 2,83,575 | |
| | | | 122/19-പാറേവളവ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 91,748 | |
| „ | | | 187/19-വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ | 2,75,000 | |
| „ | | | 237/19-കിണർ റീച്ചാർജിംഗ് | 12,000 | |

| | | | | | |
|---|---|---|---|---|---|
| **ആകെ** | | | | **10,37,323** | |
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 14,85,268(*) | 175000 | 03/19-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,75,000 | |
| | | | 34/19-ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് | 4,47,781 | |
| | | | 202/19-വല്യേലിൽ കുടിവെള്ള പദ്ധതി | 1,07,139 | |
| | | | 245/19-ഭവനനിർമ്മാണം- ലൈഫ് പദ്ധതി എസ്.സി. | 5,75,400 | |
| **ആകെ** | | | | **13,05,320** | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 23/19- ടാപ്പുഴ കുടിവെള്ള പദ്ധതി- പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 22/28.12.2018 | 4,40,000 | -- | 9,50,000 |
| | | ചെക്ക് നം.903373/08.03.2019 | 5,10,000 | -- | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

### 4-5 വായ്പ /വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | 01.04.2018-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2018-19 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| സമ്പൂർണ്ണ ഭവനപദ്ധതി | നം.50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 1,28,80,000 | 2,25,000 | 10,00,000 | 1,21,05,000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018, 18.5.2018 | -- | 22,82,800 | -- | 2,28,200 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സമ്പൂർണ്ണ ഭവനപദ്ധതിയുടെ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ടി വായ്പയുടെ വായ്പാ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലൈഫ് ഭവനപദ്ധതിയുടെ തുക വി.ഇ.ഒ

സൂക്ഷിക്കുന്ന രജിസ്റ്ററിലെ തുകയും, ടി തുക നിക്ഷേപിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട്(എസ്.ബി.ഐ. അയർക്കുന്നം 36167386612) ൽ ക്രെഡിറ്റ് വന്ന തുകകളുമായി ഒത്തു നോക്കി പരിശോധിച്ച് ഉൾപ്പെടുത്തിയതാണ്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം 1,000/- രൂപ നിക്ഷേപം ഈ ഇനത്തിൽ കാണുന്നു. എന്നാൽ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കണ്ടെത്തിയ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തുക |
|---|---|---|---|---|
| 2014-15 | | 32,745 | അജിത്ത് കെ., അസിസ്റ്റന്റ് എൻജിനീയർ | 118020103202/10.08.2018 |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

### 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | :11,02,15,238 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :8,27,47,790 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :30,518 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :45,86,457 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,545 | ശ്രീമതി അനീന സൂസൻ സക്കറിയ, കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 3-2 | | 4,424 | ശ്രീമതി രശ്മി എസ്.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 21,549 | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| | **ആകെ** | **30,518** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 11,168 | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| 1-28 | 8,50,000 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-29 | 9,16,250 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-30 | 74,200 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-31 | 1,80,000 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-32 | 39,800 | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| 1-33 | 27,000 | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| | 28,150 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-35 | 3,89,560 | ശ്രീമതി രശ്മി എസ്.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 13,99,899 | ശ്രീമതി എസ്.എസ്.ശോഭന, ഹെഡ്മിസ്ട്രസ് |
| 1-42 | 28,636 | ശ്രീമതി എസ്.എസ്.ശോഭന, ഹെഡ്മിസ്ട്രസ് |
| 1-45 | 4,881 | ശ്രീമതി അനീന സൂസൻ സക്കറിയ, കൃഷി ഓഫീസർ |
| 1-46 | 35,060 | ശ്രീമതി അനീന സൂസൻ സക്കറിയ, കൃഷി ഓഫീസർ |
| 1-47 | 11,853 | ഡോ.രേഖ ആർ., മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-48 | 5,90,000 | ശ്രീ.കെ.ജി.ഹരികൃഷ്ണൻ, സെക്രട്ടറി |
| **ആകെ** | **45,86,457** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-51

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനീന സൂസൻ സക്കറിയ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അയർക്കുന്നം ഗ്രാമപഞ്ചായത്ത് | വെള്ളിയാൻ കണ്ടത്തിൽ പുത്തൻവീട്, മെഴുവേലി പി.ഒ., പത്തനംതിട്ട- 689507 |
| ശ്രീമതി രശ്മി എസ്.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അയർക്കുന്നം ഗ്രാമപഞ്ചായത്ത് | വിജയമന്ദിരം, വടക്കുംകര ഈസ്റ്റ്, ഉമയനെല്ലൂർ പി.ഒ., കൊല്ലം |
| ശ്രീ.എസ്.നെൽസൺ, സെക്രട്ടറി | വിരമിച്ചു. | മുണ്ടപിലാത്ത്, കാരാളി ജംഗ്ഷൻ പി.ഒ., കൊല്ലം |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.
അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/27.11.79 | |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി.6-206/98/9.9.00/ 10.11.00 | |
| 1998-99 | എൽ.എഫ്.കെ.പി.6-271/00/6.10.00/ 29.12.01 | |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.12-അദാ2018- 51(3)/15.2.18 | 19 |
| 2000-01 & 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.6-1387/07/17.11.08 | |
| 2000-01 | എൽ.എഫ്.കെ.പി.12-അദാ2018- 51(4)/15.2.18 | 1 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.6-1007/04/19.4.08 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.6-845/07/20.04.09/ 12.6.09 | |
| 2004-05 | എൽ.എഫ്.കെ.പി.6-682/08 18.04.09/2.07.09 | |
| 2005-06 | എൽ.എഫ്.കെ.പി.6-683/08/5.09.08/ 13.10.08 | |
| 2006-07 | എൽ.എഫ്.കെ.പി.11-994/11/10.10.11 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി 12/അദാ18-51(6)/9.1.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി 12/അദാ18-51(7)/16.2.2018 | 1 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി 12/അദാ18-51(8)/16.2.2018 | 2 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി 12/അദാ18-51(9)/31.1.2018 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.11-1655/15/ 30.3.16 | 22 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-340/16/ 31.3.16 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.3-175/18/ 9.4.2018 ശുദ്ധിപത്രം | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.12-737/16/ 20.10.17 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12-1727/17/ 29.12.17 | 21 |
| 2017-18 | **കെ.എസ്.എ-കെ.ടി.എം.പി 12/89/2019** | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി12/1889/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:15.01.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**